VOL NO: 03 | ISSUE 14

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 APRIL 06 | ₹12

## സമൂഹമാധ്യമങ്ങളും ക്ഷേമപ്രവർത്തനങ്ങളും

സമൂഹ മാധ്യമങ്ങളുടെ കടന്നുവരവ് സമൂഹത്തിന് ഒട്ടേറെ ഗുണങ്ങൾ സമ്മാനിച്ചിട്ടുണ്ട്; അതുപോലെ തന്നെ ദോഷങ്ങളും. പ്രളയ സമയത്ത് അതിന്റെ ഗുണഫലങ്ങൾ കേരളം കണ്ടതാണ്. സമൂഹമാധ്യങ്ങളെ ചിലർ തെറ്റായി ഉപയോഗിക്കുന്നതിന്റെ ദുരന്തപൂർണമായ പരിണതിയും ദിനേന നമ്മൾ കണ്ടും കേട്ടും വായിച്ചും അറിയുന്നുമുണ്ട്. ദിവസത്തിന്റെ നല്ലൊരു ഭാഗം സമൂഹ മാധ്യമങ്ങളിൽ ചെലവഴിക്കുന്ന നാമോരോരുത്തരും അതിലെ നന്മയെ ഉപയോഗപ്പെടുത്തി തിന്മയെ ബഹിഷ്കരിച്ചാൽ ഈ രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല.



# മതം ജീവിതം വർഗീയത

താൻ ഉൾക്കൊള്ളുന്ന മതത്തിന്റെയോ തത്ത്വശാസ്ത്രത്തിന്റെയോ ആശയങ്ങളിൽ ദൃഢമായി വിശ്വസിക്കുകയും ആചാരാനുഷ്ഠാനങ്ങൾ കണിശമായി ജീവിതത്തിൽ പാലിക്കുകയും പ്രചരിപ്പിക്കുകയും വഴി ഒരാൾ ജനാധിപത്യവിരുദ്ധനാവുമോ? ഇതരരുടെ ഇത്തരം അവകാശങ്ങളെ ഹനിക്കാത്തിടത്തോളം കാലം അവനെ വർഗീയവാദി എന്ന് വിളിക്കാൻ എന്ത് ന്യായമാണുള്ളത്? ബഹുമത സമൂഹത്തിൽ അത്തരക്കാരുടെ പ്രവർത്തനങ്ങൾ ഏത് രൂപത്തിലാണ് നോക്കിക്കാണേണ്ടത്? ഇതിനോടുള്ള ഭരണഘടനയുടെ സമീപനമെന്ത്?

|| ധാർമികതയുണർത്തുന്ന 'ബ്രാൻഡ് ധർമ'

|| പ്രാർഥനയിൽ സംഭവിക്കുന്ന ബിദ്അത്തുകൾ

|| പെൺകുട്ടികൾക്കിതെന്തു പറ്റി, ആൺകുട്ടികൾക്കും?




# ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്



peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840

നേർപഥം
വാരിക

0116 / 2019 ഏപ്രിൽ 06 / 1440 റജബ് 29
പുസ്തകം 03 / ലക്കം 14



# മതം, ജീവിതം, വർഗീയത

അഫ്താബ് കണ്ണഞ്ചേരി / 10

**മുഖമൊഴി**

സമൂഹമാധ്യമങ്ങളും ക്ഷേമപ്രവർത്തനങ്ങളും / 05
എഡിറ്റർ

**ലേഖനം**

ധാർമികതയുണർത്തുന്ന 'ബ്രാൻഡ് ധർമ' / 14
ഫൈസൽ അനന്തപുരി, ജാമിഅ അൽഹിന്ദ്

ഇസ്‌റാഉം മിഅ്‌റാജും / 18
ഫദ്‌ലുൽ ഹഖ് ഉമരി

അധികാരികളുടെ മുമ്പിൽ നിർഭയം / 06
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

പ്രാർഥനയിൽ സംഭവിക്കുന്ന ബിദ്അത്തുകൾ / 24
സയ്യിദ് സഅ്ഫർ സ്വാദിക് മദീനി

ബറേൽവികളെ പ്രകോപിപ്പിച്ച നടപടികൾ / 26
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**ക്വുർആൻ ദർശനം**

അബസ (മുഖം ചുളിച്ചു) ഭാഗം: 4 / 16
ഹാരിസ് ബിൻ സലീം

**കാഴ്ച**

പെൺകുട്ടികൾക്കിതെന്തു പറ്റി,
ആൺകുട്ടികൾക്കും? / 24
ഇബ്‌നു അലി എടത്തനാട്ടുകര

**ചരിത്രപഥം**

മനുഷ്യർ ജന്മനാ പാപികളോ? / 29
ഹുസൈൻ സലഫി, ഷാർജ

**കവിത**

കുടിനീർ / 34
ഉസ്മാൻ പാലക്കാഴി

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



### കാലത്തിലുമുണ്ട് ദൃഷ്ടാന്തം

വീണ്ടുമൊരു വേനൽകാലത്തിലേക്ക് നാം കടന്നിരിക്കുകയാണ്. ചൂടിന്റെ കാഠിന്യവും വെയിലിന്റെ ആഘാതവും കാരണത്താൽ പലരും ഒന്ന് വീട് വിട്ട് പുറത്തിറങ്ങാൻ പോലും മടിക്കുന്നു. 'ഓ... എന്തൊരു ചൂട്..' എന്ന് ഇന്ന് എല്ലാവരും പറയുന്നു. 'എന്തൊരു തണുപ്പ്!', 'എന്തൊരു മഴ!' എന്നിങ്ങനെ കാലവും കാലാവസ്ഥയും മാറുന്നതിനനുസരിച്ച് മനുഷ്യർ പറഞ്ഞുകൊണ്ടേയിരിക്കും.

കാലാവസ്ഥകൾ അങ്ങനെ മാറിക്കൊണ്ടിരിക്കും. അത്ഭുതകരമാണ് യഥാർഥത്തിൽ ഈ കാലാവസ്ഥാസംവിധാനം! കാലത്തിന് ഒരു ഘടനയും രീതിയും ഉള്ളതിനാലാണല്ലൊ അവയെക്കുറിച്ച് പഠനങ്ങളും പ്രവചനങ്ങളും നടത്താൻ കഴിയുന്നത്. വെയിലിന്റെ ചൂട് അധികമായാൽ സഹിക്കുക, മഴ പെയ്യാതിരുന്നാൽ അതിനായി ആശിക്കുക, പ്രാർഥിക്കുക എന്നല്ലാതെ മനുഷ്യർക്ക് എന്ത് ചെയ്യാൻ കഴിയും? ചൂടിനെ നിയന്ത്രിക്കുവാനോ മഴ പെയ്യിക്കുവാനോ നമുക്കാവില്ല.

മനുഷ്യരുടെ നിയന്ത്രണത്തിലല്ല പ്രാപഞ്ചിക പ്രതിഭാസങ്ങളൊന്നും. കാലത്തെയും ഋതുക്കളെയും സംവിധാനിച്ചവനേ അവയെ നിയന്ത്രിക്കാൻ കഴിയൂ. മനുഷ്യർക്ക് മുമ്പ് അല്ലാഹു അതെല്ലാം സംവിധാനിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ചിന്തിക്കുന്നവർക്ക് സ്രഷ്ടാവിനെക്കുറിച്ച തിരിച്ചറിവുണ്ടാകും. അവന്റെ കഴിവിന്റെ അപാരതയെക്കുറിച്ച് ബോധമുണ്ടാകും. അല്ലാഹു പറയുന്നു: "ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപകലുകളുടെ മാറ്റത്തിലും മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും ആകാശത്ത് നിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അതു മുഖേന ജീവൻ നൽകിയതിലും ഭൂമിയിൽ എല്ലാതരം ജന്തുവർഗങ്ങളെയും വ്യാപിപ്പിച്ചതിലും കാറ്റുകളുടെ ഗതിക്രമത്തിലും ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച" (ക്വുർആൻ 2:164).

ഋതുഭേദങ്ങൾ അനുഗ്രഹമാണെന്നും എന്നാൽ അനുഗ്രഹമായ ഒന്നിനെ അതിന്റെ നിയന്താവായ അല്ലാഹുവിന് മനുഷ്യർക്ക് പരീക്ഷണവും ശിക്ഷയുമാക്കി മാറ്റാൻ കഴിയുമെന്നും നാം തിരിച്ചറിയണം. ശക്തമായ മഴയിലൂടെയും കാറ്റിലൂടെയും ഇടിനാദത്തിലുടെയും മറ്റും അല്ലാഹു മനുഷ്യരെ പരീക്ഷിച്ചതായും നശിപ്പിച്ചതായും ക്വുർആൻ തന്നെ വിവരിച്ചിട്ടുണ്ട്.

ഈ സങ്കീർണമായ പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് ഏകനായ സ്രഷ്ടാവാണ്. അതിൽ മറ്റാർക്കും പങ്കില്ല. അല്ലാഹു പറയുന്നു:

"അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരുദൈവവുമുണ്ടായിട്ടില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പോയിക്കളയുകയും അവരിൽ ചിലർ ചിലരെ അടിച്ചമർത്തുകയും ചെയ്യുമായിരുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ!" (ക്വുർആൻ 23:91).

"ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു" (ക്വുർആൻ 21:22).

വെയിലും മഴയും ചൂടും തണുപ്പും ഇരുട്ടും വെളിച്ചവുമൊക്കെ യാന്ത്രികമായി അനുഭവിക്കുക എന്നല്ലാതെ അതിനപ്പുറം അവയെക്കുറിച്ച് ചിന്തിക്കുവാൻ മനുഷ്യർ തയ്യാറാകുന്നില്ല എന്നതാണ് വാസ്തവം. ചിന്തിക്കുന്നവർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തെയും കഴിവിനെയും അവന്റെ പരമാധികാരത്തെയും കുറിച്ച് ബോധ്യം വരും.

**-സഹൽ ആദം, കോഴിക്കോട്**

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, PB.NO: 597, Kallai Road Kozhikode, PIN 673002, Phone: 0495 4019437

മുഖമൊഴി

# സമൂഹമാധ്യമങ്ങളും ക്ഷേമപ്രവർത്തനങ്ങളും

സമൂഹ മാധ്യമങ്ങളുടെ കടന്നുവരവ് സമൂഹത്തിന് ഒട്ടേറെ ഗുണങ്ങൾ സമ്മാനിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല; അതുപോലെ തന്നെ ദോഷങ്ങളും. പ്രളയ സമയത്ത് അതിന്റെ ഗുണഫലങ്ങൾ കേരളം കണ്ടതാണ്. സമൂഹമാധ്യങ്ങളെ ചിലർ തെറ്റായി ഉപയോഗിക്കുന്നതിന്റെ ദുരന്തപൂർണമായ പരിണതിയും ദിനേന നമ്മൾ കണ്ടും കേട്ടും വായിച്ചും അറിയുന്നുമുണ്ട്.

താമസിക്കാൻ വീടില്ലാത്തവർക്കും വിശപ്പടക്കാൻ മാർഗമില്ലാതെ പട്ടിണിയിൽ കഴിയുന്നവർക്കും ചികിത്സിക്കാൻ പണമില്ലാതെ ഗുരുതരമായ രോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നവർക്കുമൊക്കെ സഹായങ്ങൾ നൽകുക എന്നത് വളരെ വലിയ പുണ്യകർമമാണെന്നതിൽ സംശയമില്ല. സോഷ്യൽ മീഡിയകൾ ഈ രംഗത്തും ചെറുതല്ലാത്ത സഹായമാണ് ചെയ്യുന്നത്. സഹായം ആവശ്യമുള്ള വ്യക്തികളെ കണ്ടെത്തി, അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പറയിപ്പിച്ച്, ആ രംഗം വീഡിയോ ക്ലിപ്പുകളായി തൽസമയം ജനങ്ങളിലേക്കെത്തിച്ച് സഹായിക്കണമെന്ന് ആവശ്യപ്പെടുന്ന ചില വ്യക്തികളും സംഘടനകളും സജീവമായി രംഗത്തുണ്ട്. കോടിക്കണക്കിന് രൂപ ഇങ്ങനെ പരിച്ചെടുത്ത് അനേകം കുടുംബങ്ങളുടെ കണ്ണുനീരൊപ്പാൻ ഇതുവഴി അവർക്ക് കഴിഞ്ഞിട്ടുമുണ്ട്. ഒറ്റപ്പെട്ട ചില കള്ള നാണയങ്ങളും ഈ രംഗത്ത് ഉണ്ടെന്നത് വിസ്മരിക്കുന്നില്ല. നിഷ്കളങ്കമായും നല്ല രീതിയിലും ഈ സേവനം ചെയ്യുന്നവരെ സമൂഹമധ്യെ അപമാനിക്കുവാനും പിന്തിരിപ്പിക്കുവാനും സോഷ്യൽ മീഡിയകളിലൂടെ തന്നെ ചില അൽപബുദ്ധികൾ ശ്രമിക്കുന്നതും നമുക്ക് കാണുവാൻ കഴിയും. നന്മയുടെ ചെറുതിരിവെട്ടം പോലും കാണുവാൻ ഇഷ്ടപ്പെടാത്ത ഇവരെ സമൂഹദ്രോഹികൾ എന്നല്ലാതെ എന്തു വിളിക്കാൻ!

സമീപ പ്രദേശത്തോ ദൂരസ്ഥലത്തോ ഉള്ള പ്രയാസമനുഭവിക്കുന്നവരെ സമീപിച്ച് അവരുടെ പ്രയാസങ്ങളെ തന്റെ പ്രയാസമായിത്തന്നെ കണ്ട് കാരുണ്യം വഴിഞ്ഞൊഴുകുന്ന രീതിയിൽ ലൈവായി അവരെ ലോകത്തിന് പരിചയപ്പെടുത്തുന്ന, താൻ പരിശ്രമിച്ചതിന്റെ ഫലമായി നിർമിച്ച വീടിന്റെ മുമ്പിൽ നിന്ന് സെൽഫിയെടുത്ത് വീഡിയോയും ചിത്രങ്ങളും അടിക്കുറിപ്പോടുകൂടി വാട്സാപ്പ് വഴിയും ഫെയ്സ്ബുക്ക് വഴിയും പ്രചരിപ്പിച്ച് ലൈക്കും ഷെയറും വാരിക്കൂട്ടുന്ന, അതോടൊപ്പം മികച്ച ജീവകാരുണ്യപ്രവർത്തകനായി അറിയപ്പെടാൻ ആഗ്രഹിക്കുന്ന ചിലർ അറിഞ്ഞോ അറിയാതെയോ ചിലരെ വല്ലാതെ വേദനിപ്പിക്കാറുണ്ട്; മറ്റാരെയുമല്ല, സ്വന്തം കുടുംബത്തിൽ പെട്ട സാധുക്കളെ.

ഭക്ഷണത്തിന് വകയില്ലാതെയോ, ചികിത്സിക്കാൻ കാശില്ലാതെയോ, വെയിലും മഴയും കൊള്ളാത്ത വീടില്ലാതെയോ, പെൺകുട്ടികളെ കെട്ടിച്ചയക്കാൻ നിവൃത്തിയില്ലാതെയോ പ്രയാസപ്പെടുന്നവർ സ്വന്തം കുടുംബത്തിൽ ഉണ്ടായിട്ടും അവരെ തിരിഞ്ഞുനോക്കാതെ മറ്റുള്ളവരെ സഹായിക്കാൻ ഓടിനടക്കുന്നവരുടെ പ്രവർത്തനം അവരെ സന്തോഷിപ്പിക്കുമോ, അതോ ദുഃഖിപ്പിക്കുമോ? ഇത്തരം കാര്യങ്ങളിൽ രക്തബന്ധത്തിലുള്ള പാവങ്ങളെ സഹായിക്കുന്നതിന് മുൻഗണന നൽകണം എന്ന ഇസ്‌ലാമികാധ്യാപനം ഇവർക്ക് അറിയാത്തതുകൊണ്ടാണോ? പേരും പ്രശസ്തിയും കിട്ടാൻ മറ്റുള്ളവരെ സഹായിക്കണം എന്ന ചിന്തയാണ് ഇക്കൂട്ടരെ ഭരിക്കുന്നത് എന്നതാണ് യാഥാർഥ്യം.


'അൽഹംദുലില്ലാഹ്, ജീവിതത്തിൽ മൂന്നാമത്തെ ഹജ്ജ് കർമവും ചെയ്തുകഴിഞ്ഞു,' 'അല്ലാഹുവിന് സ്തുതി, അഞ്ചാംതവണയും ഉംറ ചെയ്യാൻ ഹറമിലെത്തി' എന്നൊക്കെയുള്ള അടിക്കുറിപ്പോടെ ഹറമിന്റ പശ്ചാത്തലത്തിൽ സെൽഫിയെടുത്ത് അപ്പോൾ തന്നെ സമൂഹമാധ്യമങ്ങളിൽ ഷെയർ ചെയ്യുന്നവൻ, നാട്ടുകാരുടെയോ സന്നദ്ധ സംഘടനകളുടെയോ സഹായംകൊണ്ട് മാത്രം ജീവിതം തള്ളിനീക്കുന്ന അയൽവാസിയെ, അല്ലെങ്കിൽ സ്വന്തം കുടുംബത്തിൽ പെട്ടവരെ സഹായിക്കാൻ മനസ്സ് കാണിക്കാത്തവനായേക്കാം. അങ്ങനെയുള്ളവരെ നാം കണ്ടിട്ടുണ്ട്; കാണാറുണ്ട്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നവരിൽ നിന്ന് ഈ സമീപനം ഉണ്ടാകാൻ പാടില്ല; ഒരിക്കലും.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

**വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 12**

**ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ: 6**



# അധികാരികളുടെ മുമ്പിൽ നിർഭയം

**1915** മാർച്ച് 19ന് പുറത്തിറങ്ങിയ 'മലബാർ ഇസ്‌ലാം' പത്രം ഹമദാനി തങ്ങളുടെ ഒരു പ്രജാസഭാപ്രസംഗം റിപ്പോർട്ട് ചെയ്തത് ഇങ്ങനെയാണ്:

"ശ്രീമൂലം പ്രജാസഭയുടെ പതിനൊന്നാം വാർഷിക യോഗത്തിലും മുസ്‌ലിം വിദ്യാഭ്യാസ വിഷയത്തെക്കുറിച്ച് പ്രതിപാദിക്കാൻ എനിക്ക് സൗകര്യം നൽകിയതിന് പൊന്നുതമ്പുരാൻ തിരുമനസ്സിലെ നേർക്കും അവിടുത്തെ ഗവൺമെന്റിന്റെ പേരിലും എനിക്കുള്ള ഈ അതിയായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊണ്ട് പ്രകൃതത്തിലേക്ക്[13] പ്രവേശിച്ചുകൊള്ളുന്നു. ഇതിന് മുമ്പ് ഇതേ വിഷയത്തെക്കുറിച്ച് നാല് പ്രാവശ്യം പല കാര്യങ്ങളെ ചൂണ്ടിക്കാണിച്ച് ഞാൻ പ്രതിപാദിച്ചിട്ടുള്ളതും ഇത് അഞ്ചാമത്തെ പ്രാവശ്യമാണെന്നുള്ളതും ഒന്നാമതായി പറഞ്ഞുകൊള്ളട്ടെ.

വിദ്യാഭ്യാസ വിഷയത്തിൽ മുസ്‌ലിം സമുദായം നാൾക്കുനാൾ അധോഗതി പ്രാപിച്ചുവരികയാണെന്നും അതിനുള്ള കാരണങ്ങൾ ഇന്നിന്നവയാണെന്നും യുക്തിയുക്തമായി പലപ്രാവശ്യം ഗവൺമെന്റിനെ അറിയിച്ചതിന്റെ ഫലമായി കുറച്ചുകാലം മുമ്പ് ഈ വിഷയത്തെ സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടും ആ റിപ്പോർട്ടിനെ വിമർശിച്ചുകൊണ്ട് ഗവൺമെൻറ് പ്രൊസീഡിംഗ്സും പുറപ്പെടാനിടയായി. എന്നാൽ എന്റെയും എന്റെ സഹോദരന്മാരായ മറ്റു സാമാജികന്മാരുടെയും[14] പ്രയത്നഫലവും സംസ്ഥാനത്തിലെ മുസ്‌ലിം പ്രജകളുടെ ഭാഗ്യവും ഇത്രമേൽ വിപരീതമായിത്തീർന്നതിൽ ഞങ്ങൾക്ക് അത്യധികമായ വ്യസനമുണ്ട്.

1914 ഒക്ടോബർ 10ന് ഡയരക്ടർ അവർകൾ ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ സാരം മുഹമ്മദീയ വിദ്യാഭ്യാസ വിഷയത്തിൽ ഇത്രയൊക്കെ സഹായം ഗവൺമെന്റിൽ നിന്ന് ചെയ്തുകൊടുത്തിട്ടും അതിനെ വേണ്ടപോലെ അനുഭവിക്കാൻ അവർ വിമുഖന്മാരായി കാണുന്നതിനാൽ ഇനി കൂടുതൽ സഹായം ചെയ്തിട്ടാവശ്യമില്ലെന്നാവുന്നു. എന്നാൽ ഡയരക്ടർ അവർകൾ ഇത്രയൊക്കെ സഹായം എന്നുള്ള ഘനവാക്ക്[15] ഉപയോഗിച്ചതിന്റെ സാരം എന്താണെന്ന് ഞങ്ങൾക്ക് മനസ്സിലാവുന്നില്ല. ചില കുട്ടികൾ പഠിക്കുന്ന കെട്ടിടങ്ങൾക്ക് 'മുഹമ്മദൻ സ്കൂൾ' എന്ന് പേരു മാത്രം പറയുന്നതുകൊണ്ട് കൂടുതൽ സഹായം ആവുമോ എന്ന് അൽപം ആലോചിക്കേണ്ടതായിട്ടാണിരിക്കുന്നത്. അല്ലെങ്കിൽ ഇവയെ മുഹമ്മദൻ സ്കൂളുകൾ എന്ന് നാമകരണം ചെയ്യുന്നതിന്റെ ഔചിത്യമെന്താണെന്ന് ഡയരക്ടർ തന്നെ സമാധാനം പറയട്ടെ.

പ്രസ്തുത റിപ്പോർട്ട് ഡയറക്ടർ സാഹിബ് അവർകളുടെ ദീർഘ ആലോചനയോടെ കൂടി ഉണ്ടായിട്ടുള്ളതാണ് എന്നുള്ള സംശയം കൂടി എനിക്കുണ്ട്. കാരണം അദ്ദേഹത്തിന്റെ മുഖദർശനം കൊണ്ട്[16] ഇങ്ങനെയുള്ള ഒരു റിപ്പോർട്ട് അദ്ദേഹത്തിന്റെ പേനക്ക് വിഷയമാവുന്ന ഒരു ലക്ഷണം ഇല്ലാതിരുന്നതു തന്നെയാണ്.

മേൽപറഞ്ഞ റിപ്പോർട്ടിനെ അനുകൂലിച്ച് 1914 നവംബർ 19ന് പ്രൊസീഡിംഗ്സ് പാസായിരുന്നുവെങ്കിലും അടുത്ത കാലത്ത് തന്നെ ഒരു മുസ്‌ലിം കോൺഫറൻസ് ഇതേ കാര്യത്തെപ്പറ്റി ഗവൺമെൻറ് വിളിച്ചുകൂട്ടുന്നതാണെന്നും പിന്നീട് വേണ്ടത് പ്രവർത്തിക്കുന്നതാണന്നും പറഞ്ഞിരുന്നതിൽ ഞങ്ങൾക്ക് വളരെ ആശ്വാസം ഉണ്ടായിരുന്നു. വിദ്യാഭ്യാസ വിഷയത്തിൽ മുസ്‌ലിംകളുടെ താൽക്കാലികാവസ്ഥ നോക്കുന്നതായാൽ ആ ദയനീയാവസ്ഥയെ പരിഹരിക്കുവാനായി ഗവൺമെൻറ് സഹായം ഒന്നുമാത്രം കൊണ്ടല്ലാതെ മറ്റു യാതൊന്നു കൊണ്ടും സാധിക്കുന്നതല്ല.



ഇൽമു ഫർദിൽ ഐൻ (മുസ്‌ലിം മത നിർബന്ധ വിദ്യാഭ്യാസം) 7 വയസ്സു മുതൽ 15 വയസ്സു വരെയുള്ള കാലത്തിനിടയിൽ തങ്ങളുടെ സന്താനങ്ങളെ അഭ്യസിപ്പിക്കാൻ മാതാപിതാക്കന്മാർ നിർബന്ധിതരാണ്.

15 വയസ്സ് കഴിഞ്ഞാൽ ഓരോരുത്തരും സ്വന്തമായിത്തന്നെ മേൽപ്രകാരം വേദജ്ഞാനം സമ്പാദിക്കാതെയിരുന്നാൽ മതവിധിപ്രകാരം ജാതിഭ്രഷ്ടനായിത്തീരുന്നതാണെന്നുമുള്ള ന്യായമായ സംഗതിയെ വിശ്വസിക്കാത്തവരായി ആരുംതന്നെ ഉണ്ടാവാൻ ന്യായമില്ല.

ലോകനീതിയും സദാചാരങ്ങളും വിവരിച്ചു പഠിപ്പിക്കലാണ് ഇസ്‌ലാം മത വിദ്യാഭ്യാസമെന്നും ആ സ്ഥിതിക്ക് ഇസ്‌ലാം വേദജ്ഞാനം പഠിക്കുന്നതിനാൽ ഇഹപരസംബന്ധമായ സർവ പാഠങ്ങളും ലഭിക്കുമെന്നുള്ളത് നിർമൽസരബുദ്ധികളും പണ്ഡിതന്മാരും അന്യമതസ്ഥരും ആയ തോമസ് കാർലൈൽ,[17] സർ വില്യം മൂർ,[18] മിസ്റ്റർ ജി.സെയിൽ,[19] വാഷിംഗ്ടൺ ഇർവിങ്,[20] ഡവൻപോർട്ട്,[21] എഡ്മണ്ട് ബർക്ക്,[22] ബോസ്വർത്ത് സ്മിത്ത്,[23] ഡീൻ സ്റ്റാൻലി,[24] ഡേവിഡ് ഉർക്കുഹാർട്ട്,[25] മുതലായ മഹാന്മാർ സംരക്ഷിച്ചിട്ടുള്ളതും അവരുടെയെല്ലാം സംരക്ഷിപ്പുകളെ[26] കാണിക്കാൻ ഞാൻ തയ്യാറുള്ളതുമാണ്.

ഇതിനു പുറമെ, മുഹമ്മദീയ മത പഠനം കൊണ്ടു ലഭിക്കുന്ന ഫലങ്ങൾക്ക് ദൃഷ്ടാന്തമായി, ഈയിടെ ലണ്ടൻ കാക്കസിൻ ഹാൾ കൗൺസിൽ ചേംബറിൽ വെച്ച് കൂടിയ ആംഗ്ലോ ഒട്ടോമൻ സൊസൈറ്റികളുടെ സഭയിൽ മാസ്റ്റർ അറുലോഫ് സ്മിത്ത് എഫ്.സി.എസ് എന്ന മഹാൻ പ്രസംഗിച്ചതാണിത്:

'പ്രകൃതിശാസ്ത്രത്തിലുള്ള വാസന, ഗണിതശാസ്ത്ര പഠനം, വൈദ്യസാംഗ്രിക അന്വേഷണം, വായനശാല, പാഠശാല എന്നിവയുടെ സ്ഥാപനം മുഹമ്മദീയ ചൈതന്യമുണ്ടാക്കിയിരുന്നില്ലെങ്കിൽ നമുക്ക് സാധിക്കില്ലായിരുന്നു. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ ആക്രമിച്ചു വിജയികളായത് യൂറോപ്പിൽ ജ്ഞാനോദയത്തിനു കാരണമായി. ഉദാരശീലന്മാരായ മുഹമ്മദീയരാൽ ആദേശിക്കപ്പെട്ട ആ ജ്ഞാനോദയം സ്വതന്ത്രാന്വേഷണോത്സാഹത്തോടുകൂടി സംഭവിച്ചത് പ്രാചീന മുസ്‌ലിം വിദ്വാന്മാർ ഒരുക്കിവെച്ച ജ്ഞാനദർപ്പണം മുഖേനയാണ്.'

എന്നാൽ ലൗകികമായ കാലോചിത വിദ്യാഭ്യാസവും മുസ്‌ലിംകൾക്ക് ഒഴിച്ചുകൂടാത്തതായിത്തീരുന്ന കാരണം, മുസ്‌ലിംകൾ അവരുടെ സ്വജാതീയരല്ലാത്ത സഹജീവികളോടും ഗവൺമെന്റിനോടും ഇടപെടാതെ നിവൃത്തിയില്ലാതെ വന്നിരിക്കുന്നത് തന്നെയാണ്.

ഇസ്‌ലാംമത നിർബന്ധ ജ്ഞാനം സമ്പാദിച്ചുകഴിയുമ്പോഴേക്കും പാഠശാലകളിൽ ചേർന്ന് ഗവൺമെന്റ് നിശ്ചയപ്രകാരം വിദ്യാഭ്യാസം ചെയ്യാനുള്ള ഈ പ്രായം കുട്ടികൾക്ക് തെറ്റിപ്പോകുന്നു. തദ്ഫലമായി മുസ്‌ലിം സമുദായം കാലാനുസൃതമായ വിദ്യാഭ്യാസ വിഷയത്തിൽ പിന്നണിയിൽ കിടന്നുഴലുന്നു. ഇതിലേക്ക് വേണ്ടുന്ന പരിഹാരമാർഗങ്ങൾ ഉണ്ടാകുന്നതുവരെ അറബിഭാഷയല്ലാത്ത മറ്റു ഭാഷകൾ അഭ്യസിക്കുന്ന വിഷയത്തിൽ മുസ്‌ലിംകൾ വിമുഖന്മാരായിത്തന്നെയിരിക്കും. അതുകൊണ്ട് ഇംഗ്ലീഷ്, മലയാളം ഭാഷകൾ അഭ്യസിക്കുന്നതോടുകൂടിത്തന്നെ മതനിർബന്ധ ഭാഷയായ അറബിയെയും അഭ്യസിക്കാൻ തക്ക ഏർപ്പാടുകൾ ഗവൺമെന്റിൽ നിന്ന് അവർക്ക് ചെയ്തുകൊടുക്കേണ്ടതാണ്.

ഇതല്ലാതെ മറ്റു യാതൊരു മാർഗവും മുസ്‌ലിം വിദ്യാഭ്യാസ വർധനക്കുണ്ടെന്ന് തോന്നുന്നില്ല. ഇതുകൊണ്ടാണ് അതിലേക്കു വേണ്ടുന്നതായ നിവൃത്തിമാർഗങ്ങളെ അടുത്ത 4 കൊല്ലങ്ങളായി പ്രജാസഭയിലും കഴിഞ്ഞ മുസ്‌ലിം കോൺഫറൻസിലും ഞങ്ങൾ ഗവൺമെന്റിനെ ഉണർത്തിയിരുന്നത്. ആയതുകൊണ്ട് കഴിഞ്ഞ മുസ്‌ലിം കോൺഫറൻസിൽ ഞങ്ങൾ ഡയരകൂർ സായിപ്പ് അവർകളുടെ അടുക്കൽ സമർപ്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും സാധിപ്പിച്ചു തരുന്നതിന് പുറമെ കൂടുതൽ സഹായങ്ങളും അപേക്ഷിച്ചുകൊണ്ട് തൽക്കാലം വിരമിക്കുന്നു.

എന്ന്, ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ."(27)

### ആധാര സൂചിക:

(13) സംസാരിക്കാൻ നിയുക്തനായ പ്രത്യേക വിഷയം.

(14) കെ.മൈദീൻ പിള്ള, ജി. എസ് ഉദുമൽ സാഹിബ്, ത്വാഹാ സാഹിബ് ബഹാദൂർ, കൊച്ചുകുഞ്ഞ്, ഇബ്‌റാഹീം സാഹിബ്, ജൂസാ സേട്ട്, കുഞ്ഞു ഖാദിർപിള്ള സാഹിബ് ബഹാദൂർ, കൊച്ചു ഹസൻ കുഞ്ഞ് സാഹിബ് ബഹാദൂർ, ഇബ്‌റാഹീം പിള്ള സൈദ് മുഹമ്മദ്, ഹാജി ഇസ്മാഈൽ ഹാജി ഹസൻ എന്നിവരാണ് ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളോടൊപ്പം 1911-15 കാലഘട്ടത്തിൽ ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായിട്ടുണ്ടായിരുന്നത്.

(15) അനുകമ്പയില്ലാത്ത പ്രയോഗം.

(16) അദ്ദേഹത്തിന്റെ ഉന്നതമായ സ്വഭാവ സവിശേഷതകൾക്ക് നിരക്കാത്തതാണിത്.

(17) സ്കോട്ടിഷ് ചരിത്രകാരനും സാമൂഹ്യവിമർശകനും വിക്ടോറിയൻ കാലഘട്ടത്തിന്റെ ആദ്യപാദത്തിലെ ഏറ്റവും പ്രമുഖനായ ദാർശനിക സന്മാർഗവാദിയായിരുന്നു തോമസ് കാർലൈൽ (17951881). ചരിത്രം സൃഷ്ടിച്ച യുഗപുരുഷൻമാരെപ്പറ്റി ഇദ്ദേഹം നടത്തിയ പഠനത്തിൽ മുഹമ്മദ് നബിﷺക്ക് നൽകിയ ഉന്നതസ്ഥാനമാണു പാശ്ചാത്യലോകത്ത് നബി പഠനങ്ങളിൽ ദിശാമാറ്റം സൃഷ്ടിച്ചത്. 1841ൽ പ്രസിദ്ധപ്പെടുത്തിയ 'ഓൺഹീറോസ്, ഹീറോ വർഷിപ്പ് ആന്റ് ദി ഹീറോയിക്ക് ഇൻ ഹിസ്റ്ററി' എന്ന ഗ്രന്ഥത്തിലാണ് നബിﷺയെപ്പറ്റി അദ്ദേഹം പരാമർശിക്കുന്നത്. എല്ലാ അർഥത്തിലും മരുഭൂമിയുടെ പുത്രൻ എന്ന് പറയാവുന്ന ഒരു സാധാരണ മനുഷ്യനാണ് കാർലൈലിന്റെ വീക്ഷണത്തിലെ നബിﷺ.

(18) സർ വില്യം മൂർ (27 ഏപ്രിൽ 1819-11 ജൂലൈ 1905). സ്കോട്ടിഷ് ഓറിയന്റലിസ്റ്റും കൊളോണിയൽ അഡ്മിനിസ്ട്രേറ്ററുമായിരുന്നു അദ്ദേഹം. ഇന്ത്യയിലെ വടക്ക്പടിഞ്ഞാറൻ പ്രവിശ്യകളിലെ ലെഫ്റ്റനന്റ് ഗവർണറായിരുന്നു. അദേഹം സ്ഥാപിച്ച അലഹബാദിലെ മൂർ സെൻട്രൽ കോളേജ് പിന്നീട് അലഹബാദ് യൂണിവേഴ്സിറ്റിയുടെ ഭാഗമായി. 1884ൽ റോയൽ ഏഷ്യാറ്റിക് സൊസൈറ്റി പ്രസിഡന്റ് ആയി മൂർ തിരഞ്ഞെടുക്കപ്പെട്ടു. 1885ൽ സർ അലക്സാണ്ടർ ഗ്രാന്റിന്റെ പിൻഗാമിയായി എഡിൻബർഗ് സർവകലാശാലയുടെ പ്രിൻസിപ്പലായി ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം 1878ൽ പ്രസിദ്ധീകരിച്ച "Life of Muhammad" എന്ന ഗ്രന്ഥത്തിൽ വായിക്കുന്നവരെ അത്ഭുതപ്പെടുത്തും

വിധം മനോഹരമായ ശൈലിയിലാണ് തിരുജീവിതം അവതരിപ്പിച്ചിട്ടുള്ളത്.

ഇസ്‌ലാം സംബന്ധമായ അദ്ദേഹത്തിന്റെ പ്രസിദ്ധമായ ചില ഉദ്ധരണികൾ വായിക്കാം:

“ലോകത്തിന് മുമ്പൊരിക്കലും പരിചയമില്ലാത്ത തരത്തിലുള്ള ഒരു മത സഹിഷ്ണുതയാണ് അദ്ദേഹം പ്രചരിപ്പിച്ചത്. മനുഷ്യമതത്തിൽ സഹിഷ്ണുത ആവശ്യമാണെങ്കിൽ ആദർശ പ്രവാചകനെന്ന പദവിക്കുള്ള മുഹമ്മദിന്റെ അവകാശത്തിന് ഇത് ശക്തമായ ഒരു നീതീകരണമാണ്.’’

“മുഹമ്മദിന് ദാനം ചെയ്യപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്ത അതേ മൂലപാഠം തന്നെ നമുക്ക് കൈവരുമാറ് ആന്തരവും ബാഹ്യവുമായ എല്ലാ സുരക്ഷിതത്വവും അതിനുണ്ട്. ലോകത്തിലെ മറ്റെല്ലാ മതങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സവിശേഷത ഇസ്‌ലാമിന് എന്തുകൊണ്ട് അവകാശപ്പെട്ടുകൂടാ? ഇതര മതങ്ങളൊക്കെ ഗ്രന്ഥങ്ങളുടെ താളുകളിൽ അടഞ്ഞു കിടക്കുമ്പോൾ മുസ്‌ലിംകൾ അവരുടെ കുർആനിനെ സ്വന്തം ഹൃദയങ്ങളിൽ കാത്തുസൂക്ഷിക്കുന്നു.’’

“ക്വുർആൻ ഒഴികെ മറ്റൊരു ഗ്രന്ഥവും പിന്നിട്ട 12നൂറ്റാണ്ടിനിടയിൽ ഇത്ര സുരക്ഷിതമായി നിലനിന്നിട്ടില്ല.”

“ക്വുർആൻ യാതൊരു സംശയത്തിനും ഇട നൽകാത്ത മഹത്തായ ഒരു ഗ്രന്ഥമാണ്. അതിലെ സത്യബോധവും ഉദാരമായ വിശ്വാസവും ക്വുർആനിന്റെ മഹത്ത്വം എനിക്ക് വെളിപ്പെടുത്തിത്തരുന്നു. അതെ, ഒരു ഗ്രന്ഥത്തിന്റെ ആദ്യന്തം കണ്ടെത്താവുന്ന മാഹാത്മ്യം. വിവിധങ്ങളായ മേന്മകൾ അതിൽ നിന്ന് ലഭ്യമായിട്ടുണ്ട്. എന്നല്ല, അന്ത്യമായി പറയാനുള്ള ഒരു ഗ്രന്ഥവും ആണിത്.’’

എന്നാൽ ചരിത്രാഖ്യാനത്തിടെ ചില സ്ഖലിതങ്ങളും അദ്ദേഹത്തിന് സംഭവിച്ചിട്ടുണ്ട്. മുഹമ്മദ് നബി അപസ്മാര രോഗിയാണെന്ന നികൃഷ്ടമായ ആക്ഷേപം അദ്ദേഹം നടത്തിയിട്ടുണ്ട്. കുട്ടിക്കാലത്തെ ഹൃദയം പിളർന്ന സംഭവവുമായി ബന്ധപ്പെട്ടാണ് അത്തരത്തിലൊരു നിഗമനത്തിൽ മൂർ എത്തിയിട്ടുള്ളത്. യവന ക്രൈസ്തവരുടെ അയുക്തിപരമായ അനുമാനം, അറബിക് പരാമർശത്തെ തെറ്റായി മൊഴിമാറ്റൽ തുടങ്ങിയവയാണ് അപസ്മാര കഥക്ക് നിദാനമായിട്ടുള്ളത്. സർ സയ്യിദ് അഹ്മദ് ഖാൻ മൂറിനെ ഈ വിഷയത്തിൽ ഖണ്ഡിച്ചിട്ടുണ്ട്.

(19) ജോർജ് സെയ്ൽ (1697ൽ കെന്റർബറിയിൽ ജനനം, 1736ൽ ലണ്ടനിൽ മരണം). ഓറിയന്റലിസ്റ്റ് എഴുത്തുകാരൻ. പത്ത് വാല്യങ്ങളിലായി ജനറൽ നിഘണ്ടുവിന്റെ രചയിതാവായിരുന്നു അദ്ദേഹം. ഫ്രഞ്ച് എഴുത്തുകാരനും തത്ത്വശാസ്ത്രജ്ഞനുമായിരുന്ന വോൾട്ടയർ (21 നവംബർ, 1694–മേയ് 30, 1778) എഴുതിയ ദാർശനിക നിഘണ്ടുവിലെ ഹാറൂത്ത്, മാറൂത്ത് (വിശുദ്ധ ക്വുർആനിലെ രണ്ടാമധ്യായം നൂറ്റിയൊന്നാം വചനം) എന്നീ വാക്കുകളുണർത്തിയ ജിജ്ഞാസയുടെ ഫലമായി ഇസ്‌ലാം, അറബിഭാഷ, അറബി സംസ്കാരം എന്നിവ നേരിട്ട് പഠിക്കാൻ 25 വർഷം അറേബ്യയിൽ ചെലവഴിച്ചു.1734ൽ ഇംഗ്ലീഷിൽ ക്വുർആൻ പരിഭാഷ പ്രസിദ്ധീകരിച്ചു.

(20) വാഷിങ്ടൺ ഇർവിംഗ് (ഏപ്രിൽ 3, 1783–നവംബർ 28,1859) അമേരിക്കൻ കഥാകൃത്ത്, എഴുത്തുകാരൻ, ജീവചരിത്രകാരൻ, ചരിത്രകാരൻ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ നയതന്ത്രജ്ഞൻ ആയിരുന്നു. മുഹമ്മദും അനുയായികളും, 15ാം നൂറ്റാണ്ടിലെ സ്പെയിനിലെ ചരിത്രം എന്നീ കൃതികൾ ശ്രദ്ധേയമാണ്.

(21) ബ്രിട്ടനിലെ പ്രശസ്ത എഴുത്തുകാരനായ ജോൺ ഡാവൻപോർട്ടോ എഴുതിയ ‘ആൻ അപ്പോളജിക്കൽ ഫോർ മൊഹമ്മദ് ആൻഡ് ക്വുർആൻ’ എന്ന പ്രസിദ്ധമായ പുസ്തകം അറിയപ്പെടുന്ന പരിഭാഷകനായിരുന്ന ഘോലമാർസാ സയീദിയാണ് വിവർത്തനം ചെയ്തത്.

(22) എഡ്മണ്ട് ബർക് (ജനനം: 1729, മരണം: 9 ജൂലൈ 1797) ഡബ്ലിനിൽ ജനിച്ച ഒരു ഐറിഷ് രാജ്യസഭാംഗം, എഴുത്തുകാരൻ, പത്രപ്രവർത്തകൻ, തത്ത്വചിന്തകൻ. സമൂഹത്തിന്റെ ധാർമിക സ്ഥിരതയ്ക്കും രാജ്യത്തിന്റെ നന്മയ്ക്കുമുള്ള മതസ്ഥാപനങ്ങളുടെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു.

(23) ബെഞ്ചമിൻ ബോസ്‌വർത്ത് സ്മിത്ത് (13 ജൂൺ 1794–1884) ഒരു അമേരിക്കൻ പ്രോട്ടസ്റ്റന്റ് എപ്പിസ്കോപ്പൽ മെത്രാൻ ആയിരുന്നു. ‘മുഹമ്മദും മുഹമ്മദീയ മതവും’ എന്ന ഗ്രന്ഥം അദ്ദേഹം 1874ൽ പ്രസിദ്ധീകരിച്ചു.

(24) ആർതർ പെൻഹീൻ സ്റ്റാൻലി (1815 ഡിസംബർ 13 –18 ജൂലൈ 1881) ഫ്രാൻസിൽ വെസ്റ്റ് മിനിസ്റ്റർ ചർച്ച് ഡീൻ ആയ ശേഷം ഡീൻ സ്റ്റാൻലിയായി. അറിയപ്പെട്ട ഇംഗ്ലീഷ് പണ്ഡിതനായിരുന്നു. തോമസ് ആർനോൾഡിന്റെ കീഴിൽ റഗ്ബി സ്കൂളിൽ വിദ്യാഭ്യാസം നേടി. 1834ൽ ഓക്സ്ഫോർഡിലെ ബല്യോളി കോളേജിലേക്ക് പോയി. ഓക്സ്ഫോർഡിൽ തന്നെ അധ്യാപകനായ അദ്ദേഹം പള്ളിയുടെയും പള്ളിക്കൂടങ്ങളുടെയും പരിഷ്കരണത്തിന്റെ പിന്നിൽ പ്രവർത്തിച്ചു. ‘ഡോ.ആർനോൾഡിന്റെ കഥ,’ ‘സിറിയഫലസ്തീൻ ചരിത്രം തുടങ്ങി’ നിരവധി ഗഹനമായ ചരിത്രകൃതികളുടെ കർത്താവ്.

(25) ഡേവിഡ് ഉർക്കുഹാർട്ട് (1 ജൂലൈ 1805–16 മേയ് 1877). സ്കോട്ടിഷ് നയതന്ത്രജ്ഞൻ, എഴുത്തുകാരൻ, രാഷ്ട്രീയക്കാരൻ. 1847 മുതൽ 1852 വരെ പാർലമെന്റ് അംഗമായിരുന്നു.

(26) ഉദ്ധരണികൾ.

(27) മലബാർ ഇസ്‌ലാം പത്രം. 1915 മാർച്ച് 19ലെ ഈ വാർത്ത തേജസ് ദ്വൈവാരിക(2013 മെയ് 1–15) യിൽ അബ്ദുറഹ്മാൻ മങ്ങാട് എഴുതിയ ‘ശൈഖ് മാഹിൻ ഹമദാനി തങ്ങൾ’ എന്ന ലേഖനത്തിൽ നിന്ന് (പേജ് 32–33) എടുത്തത്.

അഫ്താബ് കണ്ണഞ്ചേരി
afthabclt@gmail.com

കവർ സ്റ്റോറി




# മതം ജീവിതം വർഗീയത

**താൻ ഉൾക്കൊള്ളുന്ന മതത്തിന്റെയോ തത്ത്വശാസ്ത്രത്തിന്റെയോ ആശയങ്ങൾ ദൃഢമായി വിശ്വസിക്കുകയും ആചാരാനുഷ്ഠാനങ്ങൾ കണിശമായി ജീവിതത്തിൽ പാലിക്കുകയും പ്രചരിപ്പിക്കുകയും വഴി ഒരാൾ ജനാധിപത്യ വിരുദ്ധനാവുമോ? ഇതരരുടെ ഇത്തരം അവകാശങ്ങളെ ഹനിക്കാത്തിടത്തോളം കാലം അവനെ വർഗീയവാദി എന്ന് വിളിക്കാൻ എന്ത് ന്യായമാണുള്ളത്? ബഹുമത സമൂഹത്തിൽ അത്തരക്കാരുടെ പ്രവർത്തനങ്ങൾ ഏത് രൂപത്തിലാണ് നോക്കിക്കാണേണ്ടത്? ഇതിനോടുള്ള ഭരണഘടനയുടെ സമീപനമെന്ത്?**

'മോദിയെ താങ്കൾക്ക് വിമർശിക്കാം. അതിനു മുമ്പ് താങ്കൾക്ക് അതിനുള്ള യോഗ്യതയുണ്ടോ എന്ന് സ്വയം വിലയിരുത്തണം. ആവശ്യത്തിൽ അധികം മതവിശ്വാസം വെച്ചു പുലർത്തുകയും അതിനേക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്ന താങ്കളും ഹിന്ദുത്വവാദിയായ മോദിയും ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ വർഗീയവാദികളാണ് എന്നതിൽ ഒരു സംശയവുമില്ല.'

മോദിയുടെ ഭരണപരാജയങ്ങളെ തുറന്നു കാണിക്കുന്ന എന്റെ സോഷ്യൻ മീഡിയാ പോസ്റ്റിന് താഴെ ഒരു സുഹൃത്ത് എഴുതിയ കമൻറാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അദ്ദേഹവും ഞാനും തമ്മിൽ സോഷ്യൽ മീഡിയയിലും അല്ലാതെയുമായി ഏതാനും വർഷങ്ങളുടെ പരിചയമുണ്ട്. അതിൽ നിന്ന് എന്നെ കടുത്ത വർഗീയവാദി

യായി അദ്ദേഹം കാണും എന്നെനിക്ക് അഭിപ്രായമില്ല. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ പ്രതിഷേധം ഞാനെടുക്കുന്ന നിലപാടുകളോടാവും എന്നാണ് കരുതുന്നത്.

ഇനി സുഹൃത്ത് ഉന്നയിച്ച വിമർശനത്തിലേക്ക് വരാം: 'ആവശ്യത്തിലധികം മതവിശ്വാസം' പുലർത്തുന്ന ഞാനും ഹിന്ദുത്വവാദിയായ മോദിയും ജനാധിപത്യരാജ്യമായ ഇന്ത്യയിൽ വർഗീയവാദികളാണ് എന്നാണ് അദ്ദേഹത്തിന്റെ പ്രധാന വിമർശനം. ഒരർഥത്തിൽ ഈ ആരോപണം എന്നെ മാത്രം ബാധിക്കുന്നതല്ല, സ്വന്തം വിശ്വാസം ശരിയാണ് എന്ന് വിശ്വസിക്കുകയും രാജ്യം നൽകുന്ന അവകാശങ്ങൾക്കുള്ളിൽ നിന്ന് പ്രസ്തുത വിശ്വാസത്തെപ്പറ്റി പറയുകയും അതിനെ പ്രതിരോധിക്കുകയും ചെയ്യുന്ന എല്ലാവരെയും ബാധിക്കുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ ഇതിന് ഒരു മറുകുറിപ്പെഴുതൽ അനിവാര്യമാണെന്ന് മനസ്സിലാക്കുന്നു.

ഈ വിമർശനത്തെ സമീപിക്കുമ്പോൾ ഒന്നാമതായി ജനാധിപത്യ ഇന്ത്യ എന്താണ് എന്ന് നാം പരിശോധിക്കേണ്ടതായുണ്ട്. ഇന്ത്യൻ ഭരണഘടന മുന്നോട്ട് വെക്കുന്ന മതേതരത്വം എന്താണ് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. അതിന് വിഘാതമായി എന്നിൽ നിന്ന് ചില പ്രതികരണങ്ങൾ വന്നു എന്ന് തോന്നിയത് കൊണ്ടാണല്ലോ അദ്ദേഹം ഞാൻ വർഗീയവാദിയാണ് എന്ന് പറയുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിച്ചാൽ തന്നെ അതിന്റെ പൊതുസ്വഭാവവും അത് മുന്നോട്ട് വെക്കുന്ന ആശയവും നമുക്ക് എളുപ്പം ഗ്രഹിക്കാനാവും. ആമുഖത്തിൽ തന്നെ ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക് ആയി അത് പ്രഖ്യാപിക്കുന്നു. മാത്രവുമല്ല ഇന്ത്യയിലെ മുഴുവൻ പൗരന്മാർക്കും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്തക്കും ആശയാവിഷ്കാരത്തിനും വിശ്വാസത്തിനും ഭക്തിക്കും ആരാധനക്കുമുള്ള സ്വാതന്ത്ര്യവും അത് കൽപിച്ചു നൽകുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗത്തിലാണ് ഈ മൗലികവകാശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നത്. സമത്വത്തിനും സ്വാതന്ത്ര്യത്തിനും ചൂഷണങ്ങൾക്കെതിരെയും മതസ്വാതന്ത്ര്യത്തിനും വിദ്യാഭ്യാസത്തിനും ഭരണഘടനയിൽ ഇടപെടുന്നതിനും ഒക്കെയുള്ള അവകാശങ്ങളാണ് മൗലികവകാശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ 25 മുതൽ 28 വരെയുള്ള ആർട്ടിക്കിളുകളിലാണ് മതസ്വാതന്ത്ര്യത്തെ കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. അവ താഴെ പറയുന്നവയാണ്:

25. ആശയ സ്വാതന്ത്ര്യം, മതം പ്രചരിപ്പിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുമുള്ള സ്വാതന്ത്ര്യം.

26. മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും, നിയന്ത്രിക്കുന്നതിനുള്ള സ്വാതന്ത്ര്യം.

27. ഏതെങ്കിലുമൊരു മതത്തെ സാമ്പത്തികമായോ മറ്റോ സഹായിക്കാൻ സ്റ്റേറ്റിന് അനുമതിയില്ല.

28. ചില പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപരമായ നിർദേശങ്ങളും, മതപരമായ ആരാധനകളും നടപ്പിലാക്കുന്നതിനുള്ള സ്വാതന്ത്ര്യം.

ഇതിൽ നിന്ന് ഒരു കാര്യം നമുക്ക് വ്യക്തമാണ്. തനിക്ക് ശരിയെന്ന് തോന്നുന്ന മതത്തിൽ വിശ്വസിക്കാൻ മാത്രമല്ല അത് പ്രചരിപ്പിക്കാൻ കൂടി ഇന്ത്യൻ നിയമം നമുക്ക് അനുമതി നൽകുന്നുണ്ട്. ഇനി ഒന്നുകൂടി നോക്കുക. ആർട്ടിക്കിൾ 25ന്റെ വിശദീകരണത്തിൽ സിഖ് മത വിശ്വാസികൾ 'കൃപാൺ' ധരിക്കുന്നത് സിഖ് മതവിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ ആയി കരുതപ്പെടുന്നു എന്നു പറയുന്നുണ്ട്. 1699ൽ സിഖ് ഗുരുവായ ഗുരു ഗോബിന്ദ് സിംഗാണ് സിഖുകാർ ഏതു സമയവും ധരിക്കേണ്ട അഞ്ചു 'ക'കൾ

**ഇന്ത്യൻ ഭരണഘടന അനുവദിച്ചു തരുന്ന മതസ്വാതന്ത്ര്യത്തിൽ നിന്നു തന്നെ ഇന്ത്യൻ സെക്യുലറിസം പാശ്ചാത്യൻ സെക്യുലറിസവുമായി എങ്ങനെ വ്യത്യാസപ്പെട്ടു കിടക്കുന്നു എന്നു വ്യക്തമാകും. പാശ്ചാത്യൻ സെക്യുലർ സങ്കൽപങ്ങൾ മതത്തിൽ കൈകടത്തുകയും 'മാനുഷിക മൂല്യമില്ല' എന്ന് അവർക്ക് തോന്നുന്ന ആചാരങ്ങളെയും നിയമങ്ങളെയും എതിർക്കുകയും മതവിശ്വാസത്തെ നേർപ്പിച്ചു കൊണ്ട് എല്ലാം ഒന്നാണ് എന്നു പറയാൻ ശ്രമിക്കുകയും ചെയ്യുന്നു. ഹിജാബ് സ്ത്രീവിരുദ്ധവും വിവേചനപരവുമാണെന്ന് പറഞ്ഞുകൊണ്ടാണ് ഫ്രാൻസിലും നെതർലാൻറിലും ജർമനിയിലുമെല്ലാം ഹിജാബ് നിരോധന ബില്ലുകൾ കൊണ്ടുവന്നത്. മറ്റു മതങ്ങളെ ആക്ഷേപിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് വിശുദ്ധ ക്വുർആനെ നിരോധിക്കാൻ അവർ ശബ്ദമുയർത്തിയത്. ഇതിൽ നിന്ന് ഇന്ത്യൻ മതേതരത്വം വേറിട്ടു നിൽക്കുന്നത് എല്ലാ മതവിശ്വാസങ്ങൾക്കും തുല്യ പ്രാധാന്യവും ബഹുമാനവും നൽകുന്നു എന്നതുകൊണ്ടാണ്.**

കൊണ്ട് വന്നത്. കേശ്, കംഗ, കരാ, കച്ചെറ, കൃപാൺ എന്നിവയാണവ. ഇതിൽ 'കേശ്' എന്നാൽ ഒരിക്കലും മുറിക്കാത്ത മുടിയും 'കംഗ' എന്നാൽ ആ മുടി ചീകി ഒതുക്കാനുള്ള ബ്രഷും 'കരാ' എന്നാൽ ലോഹം കൊണ്ടുള്ള വളയും 'കച്ചെറ' എന്നാൽ പരുത്തി കൊണ്ടുള്ള അടിവസ്ത്രവും 'കൃപാൺ' എന്നാൽ ചെറിയ, അറ്റം വളഞ്ഞു കൂർത്ത ഒരുതരം വാളും ആണ്. ഇന്ത്യയിലെവിടെയും കൃപാൺ ധരിച്ചു സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം മൗലികവകാശമായി തന്നെ സിഖുകാർക്ക് ഉണ്ട് എന്നർഥം. കൃപാണിനെ കുറിച്ച് ഇൻറർനെറ്റിലും യൂട്യൂബിലും പരതിയാൽ കൂടുതലും ലഭിക്കുക കൃപാൺ ധരിച്ചത് കൊണ്ട് ഇന്ത്യക്കു പുറത്തു സിഖുകാർ നേരിടുന്ന വിഷമതകളാണ്. പക്ഷേ, ഇന്ത്യാരാജ്യത്ത് എയർപോർട്ടിൽ വരെ കൃപാൺ ധരിച്ചു പോകാനും വിമാനത്തിൽ സഞ്ചരിക്കാനും അവർക്ക് അവകാശമുണ്ട്. ഇന്ത്യയിലെ ചില ബാങ്കുകൾക്ക് പുറത്തു പോലും "No weapons allowed except kripan for sikhs' എന്നെഴുതി വെച്ചത് കാണാൻ കഴിയുന്നതും അതുകൊണ്ടാണ്.

ഇന്ത്യൻ ഭരണഘടന അനുവദിച്ചു തരുന്ന മതസ്വാതന്ത്ര്യത്തിൽ നിന്നു തന്നെ ഇന്ത്യൻ സെക്യുലറിസം പാശ്ചാത്യൻ സെക്യുലറിസവുമായി എങ്ങനെ വ്യത്യാസപ്പെട്ടു കിടക്കുന്നു എന്നു വ്യക്തമാകും. പാശ്ചാത്യൻ സെക്യുലർ സങ്കൽപങ്ങൾ മതത്തിൽ കൈകടത്തുകയും 'മാനുഷിക മൂല്യമില്ല' എന്ന് അവർക്ക് തോന്നുന്ന ആചാരങ്ങളെയും നിയമങ്ങളെയും എതിർക്കുകയും മതവിശ്വാസത്തെ നേർപ്പിച്ചു കൊണ്ട് എല്ലാം ഒന്നാണ് എന്നു പറയാൻ ശ്രമിക്കുകയും ചെയ്യുന്നു. ഹിജാബ് സ്ത്രീവിരുദ്ധവും വിവേചനപരവുമാണെന്ന് പറഞ്ഞുകൊണ്ടാണ് ഫ്രാൻസിലും നെതർലാൻറിലും ജർമനിയിലുമെല്ലാം ഹിജാബ് നിരോധന ബില്ലുകൾ കൊണ്ടുവന്നത്. മറ്റു മതങ്ങളെ ആക്ഷേപിക്കുന്നു എന്നു പറഞ്ഞു കൊണ്ടാണ് വിശുദ്ധ ക്വുർആനെ നിരോധിക്കാൻ അവർ ശബ്ദമുയർത്തിയത്. ഇതിൽ നിന്ന് ഇന്ത്യൻ മതേതരത്വം വേറിട്ടു നിൽക്കുന്നത് എല്ലാ മതവിശ്വാസങ്ങൾക്കും തുല്യ പ്രാധാന്യവും ബഹുമാനവും നൽകുന്നു എന്നതുകൊണ്ടാണ്. പക്ഷേ, ഇന്ത്യൻ മതേതരത്വത്തെ പാശ്ചാത്യ സെക്യുലർ ബോധവുമായി കൂട്ടിക്കെട്ടാനുള്ള ശ്രമങ്ങൾ ചിലർ നടത്താറുണ്ട്.

കമ്യൂണിസ്റ്റ് കോണുകളിൽ നിന്നാണ് അത്തരം പരിശ്രമങ്ങൾ കൂടുതലായും കടന്നു വരാറുള്ളത്. മതങ്ങളെക്കാൾ ഉപരി 'മനുഷ്യത്വത്തെ' ഉയർത്തിക്കൊണ്ട് വരണം, മതം പുറത്തേക്ക് പറയാൻ കൊള്ളാത്ത സംഗതിയാണ്, വിശ്വാസം ഉള്ളിലൊതുക്കേണ്ടതാണ് എന്നുമൊക്കെയുള്ള പൊതുബോധം സൃഷ്ടിക്കാൻ അവർ മെനക്കെടാറുമുണ്ട്. മതത്തിൽ നിന്ന് മനുഷ്യത്വത്തെ അടർത്തി മാറ്റാനുള്ള ചില ശ്രമങ്ങൾ! ഇന്ത്യയെപ്പോലെ മതം സ്വീകരിക്കാനും പ്രചരിപ്പിക്കാനും അനുമതിയുള്ള നാട്ടിൽ മതപ്രബോധനത്തിലും പ്രചാരണത്തിലും ഇടപെടുന്നവരെ മോശക്കാരയും വർഗീയവാദികളുമായി ചിത്രീകരിക്കാനും ഇത്തരം ശ്രമങ്ങൾ കാരണമാകാറുമുണ്ട്. അതിന്റെ ഒരു പ്രതിഫലനമാകും സുഹൃത്തിലും കണ്ടത്. യഥാർഥത്തിൽ കമ്യൂണിസ്റ്റുകാർ അവരുടെ ആശയം തന്നെ മറന്നുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് എന്നതാണ് സത്യം. ഇത് ചെറുതായി വിശദീകരിക്കേണ്ടതുണ്ട്.

തൊഴിലാളി വർഗത്തിന്റെ വിമോചനത്തിനുള്ള ഉപാധികളുടെ സിദ്ധാന്തമാണല്ലോ കമ്യൂണിസം. അതായത് കമ്യൂണിസവും കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും തൊഴിലാളി വർഗത്തെ പ്രതിനിധീകരിക്കുകയും അവരുടെ മോചനത്തിന് വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു എന്നർഥം. തൊഴിലാളി വർഗം എന്നാൽ സ്വന്തം അധ്വാനം വിൽക്കുന്നതിലൂടെ മാത്രം സമ്പാദിക്കുന്ന, ഉപജീവനം നടത്തുന്ന സമൂഹത്തിലെ വർഗമാണ്. അവർക്ക് ഏതെങ്കിലും മൂലധനത്തിലൂടെയുള്ള ലാഭമോ സമ്പാദ്യമോ ഉണ്ടാകാവുന്നതല്ല.

**ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിച്ചാൽ തന്നെ അതിന്റെ പൊതുസ്വഭാവവും അത് മുന്നോട്ട് വെക്കുന്ന ആശയവും നമുക്ക് എളുപ്പം ഗ്രഹിക്കാനാവും. ആമുഖത്തിൽ തന്നെ ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക് ആയി അത് പ്രഖ്യാപിക്കുന്നു. മാത്രവുമല്ല ഇന്ത്യയിലെ മുഴുവൻ പൗരന്മാർക്കും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്തക്കും ആശയാവിഷ്കാരത്തിനും വിശ്വാസത്തിനും ഭക്തിക്കും ആരാധനക്കുമുള്ള സ്വാതന്ത്ര്യവും അത് കൽപിച്ചു നൽകുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗത്തിലാണ് ഈ മൗലികവകാശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നത്.**

അതേ സമൂഹത്തിലെ തന്നെ, പ്രത്യേക ആചാരങ്ങളോ അനുഷ്ഠാനങ്ങളോ കൊണ്ടുനടക്കുന്ന ഒരു വിഭാഗമാണ് മതവിശ്വാസികൾ. മതവിശ്വാസികൾ ഒരു ദൈവത്തിലോ ദൈവങ്ങളിലോ വിശ്വാസമുള്ളവരാണ്. കമ്യൂണിസ്റ്റുകാർ തൊഴിലാളി വർഗത്തിനു വേണ്ടി നിലകൊള്ളുകയും ശബ്ദമുയർത്തുകയും ചെയ്യുന്നുവെങ്കിൽ മതവിശ്വാസികൾ അവരുടെ വിശ്വാസ സംരക്ഷണത്തിന് വേണ്ടിയും ആദർശ പ്രബോധനത്തിനു വേണ്ടിയും പണിയെടുക്കുന്നു. ഈ രണ്ടു കൂട്ടരും സമൂഹത്തിലെ ഒരു പ്രത്യേക വിഭാഗത്തിന് വേണ്ടി നില കൊള്ളുമ്പോൾ കമ്യൂണിസ്റ്റുകാരന്റെ പ്രവർത്തനങ്ങൾ മാത്രം മാനവികവും മതവിശ്വാസികളുടെത് വർഗീയതയും ആകുന്നത് എങ്ങനെയാണ്? കമ്യൂണിസ്റ്റുകാരന് തൊഴിലാളികളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കാമെങ്കിൽ വിശ്വാസികൾക്ക് അവരുടെ ആദർശ സംരക്ഷണത്തിന് വേണ്ടി പ്രവർത്തിക്കുകയും അവർക്ക് നേരിടേണ്ടി വരുന്ന അന്യായങ്ങൾക്ക് എതിരിൽ സമാധാനപരമായി ശബ്ദമുയർത്തുകയും ചെയ്തു കൂടേ?

തൊഴിലാളി വർഗത്തിനിടയിൽ പല മതത്തിലും വിശ്വസിക്കുന്നവർ ഉണ്ട്. പക്ഷേ, മതവിശ്വാസികൾ ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുന്നവരെ മാത്രം ഉൾക്കൊള്ളുന്നു എന്നതാണ് പ്രശ്നമെങ്കിൽ മതങ്ങൾ തൊഴിലാളികളെയും മുതലാളിമാരെയും ഉൾക്കൊള്ളുന്നു എന്ന് തിരിച്ചു പറയാനാകും. യഥാർഥത്തിൽ കമ്യൂണിസം മതങ്ങളെ ഉൾക്കൊള്ളുന്നത് തന്നെ അത് മനുഷ്യരെ ബാധിച്ച ഒരു ലഹരിയായിട്ടാണ്. അത് കൊണ്ട് തന്നെ മതവിശ്വാസികളെ പൂർണമായും ഉൾക്കൊള്ളുന്നു എന്ന് പറയാനാവില്ല. കമ്യൂണിസ്റ്റുകാർ തങ്ങൾക്കു നേരെ വരുന്ന അതിക്രമങ്ങൾക്കെതിരിൽ ശബ്ദമുയർത്താനും അത് സമൂഹത്തിൽ സജീവമായി ചർച്ച ചെയ്യാനുമുള്ള അവകാശമുണ്ട് എന്ന് വിശ്വസിക്കുന്നുവെങ്കിൽ അതേ അവകാശം മതവിശ്വാസികൾക്കും വകവെച്ച് കൊടുക്കുന്നതിൽ എന്താണ് തെറ്റ്?


വർഗീയതക്ക് സ്പഷ്ടമായ ഒരു നിർവചനം കാണാൻ നമുക്ക് സാധിക്കുകയില്ല. അത് മതത്തിനോട് മാത്രം ചേർത്തു പറയുന്നതും ശരിയല്ല. 'ആളുകളെ അന്യായത്തിൽ പിന്തുണക്കലാണ് വർഗീയത' എന്ന് പ്രവാചകൻﷺ പറഞ്ഞിട്ടുണ്ട്. അതിൽ വിശ്വസിക്കുന്ന ഒരാൾ അല്ലാത്തവരെക്കാൾ കൂടുതൽ വർഗീയതയെ പേടിക്കേണ്ടതുണ്ട്. അതൊരിക്കലും തങ്ങളുടെ ജീവിതത്തിലേക്ക് കടന്നു വരാതിരിക്കാൻ വിശ്വാസികൾ ശ്രദ്ധിക്കേണ്ടതുമുണ്ട്.

സുഹൃത്തിന്റെ വിമർശനത്തിൽ ഇനിയുള്ളത് ഹിന്ദുത്വവുമായി ബന്ധപ്പെട്ട പരാമർശമാണ്. ഹിന്ദുത്വവാദികളും ഞാനും ഒരേപോലെയാണ് എന്ന വിമർശനം. അതിനെക്കുറിച്ചു കൂടി ചിലത് പറയട്ടെ. ഇന്ത്യാ ചരിത്രത്തെ മൂന്നാക്കി വിഭജിച്ചുകൊണ്ട് സാമ്രാജ്യത്വ ചരിത്രകാരന്മാർ നടത്തിയ ഇടപെടലുകളാൽസ്വാതന്ത്ര്യത്തിനു മുൻപ് തന്നെ വർഗീയപ്രസ്ഥാനങ്ങൾ ഇന്ത്യയിൽ കടന്നുവന്നിട്ടുണ്ട് എന്ന് വിമേർശകന് അറിയാതിരിക്കാൻ വഴിയില്ല. അതിൽ ഏറ്റവും പ്രധാനം രാഷ്ട്രീയ സ്വയം സേവക് സംഘ് എന്ന ആർ.എസ്.എസാണ്. പ്രാചീന ഇന്ത്യയെ വിഗ്രഹവൽക്കരിക്കുകയും അത് പ്രോജ്വലമായിരുന്നു എന്നു പറയുകയും മധ്യകാല ഇന്ത്യാ ചരിത്രത്തെ വളച്ചൊടിച്ചു കൊണ്ട് ഇന്ത്യയെ തകർത്തത് മുസ്‌ലിം അധിനിവേശം ആണെന്ന് പറയുകയും അതിന്റെ പുരോഗതിയിലേക്കുള്ള തിരിച്ചു നടക്കലാണ് സാമ്രാജ്യത്വ അധിനിവേശത്തിലൂടെ നടത്തിയത് എന്നുമുള്ള സാമ്രാജ്യത്വ ചരിത്രകാരന്മാരുടെ അപനിർമിതികൾക്ക് ചുവടു പിടിച്ചുകൊണ്ട് ആ പൗരാണികമായ സുന്ദരമായ ഭാരത സംസ്കാരത്തിലേക്ക് തിരിച്ചു പോകണം എന്നും അത് സ്വീകരിക്കാത്തവർക്ക് ഈ നാട്ടിൽ സ്ഥാനമില്ല എന്നും പറയുന്ന ഫാഷിസാദർശം നടപ്പിലാക്കാനാണ് സംഘ്പരിവാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അവർ പരസ്യമായി മുസ്‌ലിംകളെയും ക്രിസ്ത്യാനികളെയും കമ്യൂണിസ്റ്റുകാരെയും ശത്രുവായി പ്രഖ്യാപിച്ചവരാണ്. അവരുടെ തത്ത്വശാസ്ത്രമാണ് ഇന്ന് ഇന്ത്യയിൽ അസഹിഷ്ണുത വളർത്തുന്നത്. അതിന്റെ വക്താക്കളെയും ഞാനടക്കമുള്ളവരെയും വേറിട്ടു തന്നെ കാണാൻ സുഹൃത്തിന് കഴിയും എന്നുതന്നെ കരുതുന്നു.



ഫൈസൽ അനന്തപുരി, ജാമിഅ അൽഹിന്ദ്
mail@nerpatham.com






# ധാർമികതയുണർത്തുന്ന 'ബ്രാൻഡ് ധർമ'

**ഇ**ക്കഴിഞ്ഞ ഫെബ്രുവരി മാസം 20 മുതൽ 22 വരെയുള്ള തീയതികളിൽ കൊച്ചി ബോൾഗാട്ടി ലുലു ഗ്രാൻഡ് ഹയാത്ത് കൺവെൻഷൻ സെന്ററിൽ വെച്ച് സംഘടിപ്പിച്ച 44ാമത് ഇന്റർ നാഷണൽ അഡ്വെർടൈസിങ് അസോസിയേഷൻ സമ്മേളനം ജനശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. 'ബ്രാൻഡ് ധർമ വരാനിരിക്കുന്നത്' എന്ന പ്രമേയത്തിന് കീഴിൽ നടന്ന ത്രിദിന സമ്മേളനത്തിൽ 25 രാജ്യങ്ങളിൽ നിന്നുള്ള 2000ത്തിൽ പരം പ്രതിനിധികൾ പങ്കെടുത്തിരുന്നു. ധർമം എന്ന സംസ്കൃത പദം ടാഗായി സ്വീകരിച്ചു കൊണ്ട് നടത്തിയ ഉച്ചകോടി വളരെ പ്രസക്തമായ ചില വിഷയങ്ങളിലേക്കാണ് വിരൽചൂണ്ടിയത്. ഉത്തരവാദിത്തം, വിശ്വസ്തത, നീതി തുടങ്ങിയ ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്ന പദമാണ് ധർമം.

ഇന്ന് കമ്പനികൾ തങ്ങളുടെ മുതൽമുടക്കിന്റെ 43 ശതമാനവും ചെലവഴിക്കുന്നത് ഡിജിറ്റൽ പരസ്യ മേഖലകളിലാണ്. എന്നാൽ ആധുനിക കാലത്ത് പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങൾ പ്രസ്തുത ധർമത്തിന് എത്രമാത്രം പ്രാധാന്യം നൽകുന്നു എന്നത് ഒരു ചോദ്യചിഹ്നമാണ്. അവയിലധികവും കാൽപനികതയും അതിഭാവുകത്വങ്ങളും നിറഞ്ഞ വാഗ്ദാനങ്ങളാണ് ഉപഭോക്താക്കൾക്ക് നൽകുന്നത്. ഇതിലൂടെ തങ്ങൾക്കാവശ്യമുള്ളതും ഇല്ലാത്തതുമായ വസ്തുക്കൾ വാങ്ങുവാൻ അവർ നിർബന്ധിതരാകുന്നു. ഇത്തരമൊരു പ്രവണതയെ ഇല്ലാതാക്കണമെന്ന് സമ്മേളനത്തിലെത്തിയ പ്രഭാഷകർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടത് ഏറെ പ്രതീക്ഷകൾ സമ്മാനിക്കുന്ന വസ്തുതയാണ്.

മനുഷ്യരെയെല്ലാം കേവലം ഉപഭോക്താക്കളായി മാത്രം കണക്കാക്കുന്ന കമ്പോള ജീവിത വീക്ഷണം പടച്ചുവിട്ട പരസ്യങ്ങളാണ് ഇതഃപര്യന്തം നമ്മുടെ മുന്നിലെത്തിയത്. അതിൽ സദാചാര മൂല്യങ്ങൾക്കോ കുടുംബ മൂല്യങ്ങൾക്കോ യാതൊരു പ്രസക്തിയുമുണ്ടാകില്ല. കമ്പോള മൂല്യങ്ങൾക്ക് മുന്നിൽ കുടുംബ മൂല്യങ്ങൾക്കൊന്നും യാതൊരു പ്രസക്തിയുമില്ല (market values are nt necessarily family values) എന്ന് അമേരിക്കയിലെ ഫെഡറൽ കമ്യൂണിക്കേഷൻസ് കമ്മിഷൻ മുൻ ചെയർമാനായ റീഡ് ഹണ്ട് മുൻപൊരിക്കൽ അഭിപ്രായപ്പെട്ടത് ഇവിടെ പ്രസ്താവ്യമാണ്. ഇത്തരമൊരു നിലപാടിൽനിന്നുള്ള മാറ്റമാണ് ഈ ഉച്ചകോടി മുന്നോട്ട് വെക്കുന്നതെങ്കിൽ അത് തികച്ചും ശ്ലാഘനീയമാണ്.

പരസ്യങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന ശൃംഖല അതിബൃഹത്തായതാണ്. പരസ്യങ്ങളിൽ അഭിനയിക്കുന്ന മോഡലുകൾ ഫോട്ടോഗ്രാഫർമാർ, കമേഴ്സ്യൽ ഡിസൈനേഴ്സ്, വിഷലൈസേഴ്സ് എന്നിവർക്ക് പുറമെ ഉപഭോക്താക്കളുടെ ഹിത പരിശോധനയിൽ സാമർഥ്യം നേടിയ മോട്ടിവേഷണൽ അനാലിസ്റ്റുകൾ എന്നൊരു വിഭാഗവും ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. മനുഷ്യന്റെ സുഷുപ്തിയിലാണ്ട വികാരങ്ങളെ തട്ടിയുണർത്തി മോഹങ്ങൾക്ക് തീകൊളുത്തി തികച്ചും ആവശ്യമില്ലാത്ത വസ്തുക്കളെ വാങ്ങുവാൻ പ്രേരിപ്പിക്കുന്നതിന്റെ ചുമതല ഇവർക്കാണ്. അനേകം കമ്പനികളുടെ ബ്രാൻഡുകളുണ്ടായിട്ടും എന്തുകൊണ്ട് ഒരു പ്രത്യേക ബ്രാൻഡിന്റെ ടൂത്ത്പേസ്റ്റോ തേയിലപ്പൊടിയോ വാങ്ങുവാൻ ജനങ്ങൾ തിരക്ക് കൂട്ടുന്നു? അവിടെയാണ് ഇക്കൂട്ടരുടെ വിജയം. തങ്ങളുടെ ആവശ്യത്തിൽ കവിഞ്ഞ ഒരു വസ്തുവിനോടുള്ള അഭിനിവേശം ഇവിടെ സൃഷ്ടിക്കപ്പെടുന്നു.

ഇമ്മാനുവൽ ടെംബി എന്ന മനഃശാസ്ത്രജ്ഞൻ രൂപകൽപന ചെയ്ത സൈക്കോ ഗ്രാഫി എന്ന വിജ്ഞാന ശാഖയും ചില പരസ്യനിർമാതാക്കൾ ഉപയോഗപ്പെടുത്തുന്നുണ്ട്. മനുഷ്യന്റെ വികാര, വിചാരങ്ങളുടെ ആന്ദോളനങ്ങൾ അളന്ന് അവനെ സാംസ്കാരികമായി അടിമപ്പെടുത്തുന്നതിൽ ഈ തന്ത്രം ചെലുത്തുന്ന സ്വാധീനം ചില്ലറയല്ല. കച്ചവടത്തിന്റെ ഫലമായുണ്ടാകുന്ന ആത്മാരാധനയുടെ സംസ്കാരമാണ് ഇന്ന് നമ്മുടെ സമൂഹത്തെ ഗ്രസിച്ചിരിക്കുന്നത്. കൾച്ചർ ഓഫ് നാർസിസിസം എന്ന് മനഃശാസ്ത്രജ്ഞർ പേര് വിളിക്കുന്ന ഈ സംസ്കാരത്തിൽ മനുഷ്യർ സർവോപരി തന്നെ മാത്രം മാത്രം സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. അത്യധികം സെൽഫിഷ് ആയ സാമൂഹിക അന്തരീക്ഷത്തിലാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത് . പരസ്യങ്ങൾ വിഭാവനം ചെയ്യുന്ന കാൽപനികതകളെ ജീവിതത്തിൽ പകർത്തുവാൻ ജനങ്ങൾ മത്സരിച്ചതിന്റെ പരിണിത ഫലമായിട്ടാണ് ഇത്തരമൊരു അവസ്ഥ സംജാതമായത്.

അച്ചടി, ദൃശ്യ മാധ്യമങ്ങളിലെ 29% പരസ്യങ്ങളും സ്ത്രീകളെ മോശമായ രീതിയിൽ ചിത്രീകരിക്കുന്നുവെന്ന പ്രോക്ടർ ആൻഡ് ഗാമ്പിർ ചീഫ് ബ്രാൻഡ് ഓഫീസർ നോർമൻ പ്രിച്ചാർഡിന്റെ നിരീക്ഷണം സുപ്രധാനമായ ഒന്നാണ്. സ്വർഗീയ ആരാമങ്ങളും സുഖങ്ങളും വാഗ്ദാനം ചെയ്തുകൊണ്ട് മനുഷ്യന്റെ തൃഷ്ണകളെ ഉന്നം വെക്കുന്ന സെക്സ് പരസ്യങ്ങളാണ് ഇന്ന് രംഗത്ത് വരുന്നവയിൽ അധികവും. മദാലസമാരായ സ്വപ്ന കുമാരിമാരെ മുന്നിൽ നിർത്തി തീർത്തും സംസ്കാര ശൂന്യമായ സന്ദേശങ്ങളാണ് ഇവ നമുക്ക് സമ്മാനിക്കുന്നത്. സ്ത്രീകളുമായി യാതൊരു ബന്ധവുമില്ലാത്ത ടയറിന്റെയും ഷേവിങ് ക്രീമിന്റെയും ബ്ലേഡിന്റെയും പരസ്യങ്ങളിൽ വരെ അർധ നഗ്നകളായ മോഹിനിമാർ പ്രത്യക്ഷപ്പെടുന്നു! 1980കളിൽ ദൃശ്യമാധ്യമങ്ങളിലൂടെ പരസ്യങ്ങൾ രംഗത്ത് വന്നപ്പോൾ അവയിൽ പ്രത്യക്ഷപ്പെട്ടിരുന്നത് മുപ്പതുകാരായിരുന്നുവെങ്കിൽ ഇന്ന് ആ മേഖല കൗമാരക്കാർക്ക് വേണ്ടി വഴിമാറിയിരിക്കുന്നു. ലൈംഗികതയുടെ പ്രതീകങ്ങളായി ഇന്ന് പലരും കണക്കാക്കുന്നത് കൗമാരക്കാരെയാണ്. തന്നിമിത്തം ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവരിൽ അധികപേരും ഇക്കൂട്ടരാകുന്നു. സമൂഹത്തിലേക്ക് അധാർമികതകൾ ഇറക്കുമതി ചെയ്യുന്ന വിവസ്ത്രീകരണത്തിന്റെ ചട്ടുകങ്ങളായി നമ്മുടെ മിനി സ്ക്രീനുകൾ പരിണമിച്ചിരിക്കുന്നു എന്നത് അത്യന്തം ഖേദകരമാണ്. ഇവിടെയാണ് 'ബ്രാൻഡ് ധർമ' മുന്നോട്ട് വെക്കുന്ന സന്ദേശത്തിന്റെ പ്രസക്തി. സ്ത്രീകളെ തെറ്റായ രീതിയിൽ ചിത്രീകരിക്കുന്നതിനെ തടയാനാകുമെങ്കിൽ വലിയൊരു വിജയമായിരിക്കും ഈ സമ്മേളനം. മദ്യത്തിന്റെയും പുകയില ഉൽപന്നങ്ങളുടെയും പരസ്യങ്ങളിൽ താൻ അഭിനയിക്കുകയില്ല എന്ന അമിതാഭ് ബച്ചന്റെ പ്രഖ്യാപനം എല്ലാ സെലിബ്രിറ്റികൾക്കും മാതൃകയാണ്. പരസ്യങ്ങളിലൂടെ സമൂഹത്തിൽ വ്യാപിക്കുന്ന അധാർമികതകളെ ഉഛാടനം ചെയ്യുന്നതിൽ പുതിയൊരു ചുവടു വെപ്പാകട്ടെ ഈ സമ്മേളനമെന്ന നമുക്ക് പ്രത്യാശിക്കാം. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



بسم الله الرحمن الرحيم

അധ്യായം: 80, ഭാഗം: 4

# അബസ (മുഖം ചുളിച്ചു)

മക്കയിൽ അവതരിച്ചത്

فَإِذَا جَآءَتِ ٱلصَّآخَّةُ ﴿٣٣﴾ يَوْمَ يَفِرُّ ٱلْمَرْءُ مِنْ أَخِيهِ ﴿٣٤﴾
وَأُمِّهِۦ وَأَبِيهِ ﴿٣٥﴾ وَصَٰحِبَتِهِۦ وَبَنِيهِ ﴿٣٦﴾

33. എന്നാൽ ചെകിടടപ്പിക്കുന്ന ആ ശബ്ദം വന്നാൽ.

34. അതായത് മനുഷ്യൻ തന്റെ സഹോദരനെ വിട്ട് ഓടിപ്പോകുന്ന ദിവസം;

35. തന്റെ മാതാവിനെയും പിതാവിനെയും

36. തന്റെ ഭാര്യയെയും മക്കളെയും.

37. അവരിൽ പെട്ട ഓരോ മനുഷ്യനും തനിക്ക് മതിയാവുന്നത്ര (ചിന്താ) വിഷയം അന്ന് ഉണ്ടായിരിക്കും.

38. അന്ന് ചില മുഖങ്ങൾ പ്രസന്നതയുള്ളവയായിരിക്കും.

39. ചിരിക്കുന്നവയും സന്തോഷം കൊള്ളുന്നവയും.

40. വേറെ ചില മുഖങ്ങളാകട്ടെ അന്ന് പൊടി പുരണ്ടിരിക്കും.

41. അവയെ കൂരിരുട്ട് മൂടിയിരിക്കും.

42. അക്കൂട്ടരാകുന്നു അവിശ്വാസികളും അധർമകാരികളുമായിട്ടുള്ളവർ.

لِكُلِّ ٱمْرِئٍ
مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ ﴿٣٧﴾ وُجُوهٌ يَوْمَئِذٍ مُّسْفِرَةٌ
﴿٣٨﴾ ضَاحِكَةٌ مُّسْتَبْشِرَةٌ ﴿٣٩﴾ وَوُجُوهٌ يَوْمَئِذٍ عَلَيْهَا
غَبَرَةٌ ﴿٤٠﴾ تَرْهَقُهَا قَتَرَةٌ ﴿٤١﴾ أُو۟لَٰٓئِكَ هُمُ ٱلْكَفَرَةُ
ٱلْفَجَرَةُ ﴿٤٢﴾

33-36). ഭീകരതയാൽ ചെവികളിൽ അലയടിക്കുന്ന അന്ത്യനാളിന്റെ ഘോരശബ്ദം വന്നാൽ അന്നേ ദിവസം ജനങ്ങൾ കാണുന്ന ഭയാനകതകളാലും കർമങ്ങളിലേക്കുള്ള ആവശ്യത്താലും ഹൃദയങ്ങൾ പേടിച്ച് വിറക്കും. (മനുഷ്യൻ വിട്ടോടിപ്പോകുന്ന ദിവസം). ജനങ്ങളിൽ തനിക്ക് ഏറ്റവും പ്രിയപ്പെട്ടവരിൽ നിന്നും വാൽസല്യമുള്ളവരിൽ നിന്നും. (അതായത് മനുഷ്യൻ തന്റെ സഹോദരനെയും മാതാവിനെയും പിതാവിനെയും തന്റെ ഭാര്യയെയും തന്റെ മക്കളെയും).

37). അങ്ങനെ ചെയ്യാൻ കാരണം (അവരിൽ പെട്ട ഓരോ മനുഷ്യനും തനിക്ക് മതിയാവുന്നത്ര ചിന്താവിഷയം അന്നുണ്ടായിരിക്കും. അവൻ അവന്റെ കാര്യത്തിൽ തന്നെ വ്യാപൃതനായിരിക്കും. സ്വന്തത്തെ മോചിപ്പിക്കലാണ് അവന് പ്രധാനം. മറ്റൊന്നിലേക്കും തിരിയാൻ അവനാകില്ല. അന്നേരം മനുഷ്യർ രണ്ടായി വേർതിരിയും; സൗഭാഗ്യവാന്മാരും ദൗർഭാഗ്യവാന്മാരും.

38). സൗഭാഗ്യവാന്മാരുടെ മുഖമാണ് (പ്രസന്നതയുള്ളത്). സുഖാനുഗ്രഹം നേടി വിജയിച്ചതിലും തങ്ങളുടെ രക്ഷയറിഞ്ഞതിനാലുമുള്ള സന്തോഷവും ശോഭയും ആ മുഖത്ത് പ്രകടമാകും.

39-41). (ചിരിക്കുന്നതും സന്തോഷം കൊള്ളുന്നതും ചില മുഖങ്ങൾ). ദൗർഭാഗ്യവാന്മാരുടേത് (അന്ന് പൊടി പുരണ്ടിരിക്കും) അതിനെ മൂടിയിരിക്കും. (കൂരിരുട്ട്) കറുത്ത കൂരിരുട്ട്, നന്മകളില്ലാതെ നിരാശപ്പെടുകയും തന്റെ നാശവും ദൗർഭാഗ്യവും തിരിച്ചറിയുകയും ചെയ്തത് നിമിത്തം.

**ഭീകരതയാൽ ചെവികളിൽ അലയടിക്കുന്ന അന്ത്യനാളിന്റെ ഘോരശബ്ദം വന്നാൽ അന്നേ ദിവസം ജനങ്ങൾ കാണുന്ന ഭയാനകതകളാലും കർമങ്ങളിലേക്കുള്ള ആവശ്യത്താലും ഹൃദയങ്ങൾ പേടിച്ച് വിറക്കും. (മനുഷ്യൻ വിട്ടോടിപ്പോകുന്ന ദിവസം). ജനങ്ങളിൽ തനിക്ക് ഏറ്റവും പ്രിയപ്പെട്ടവരിൽ നിന്നും വാൽസല്യമുള്ളവരിൽ നിന്നും. (അതായത് മനുഷ്യൻ തന്റെ സഹോദരനെയും മാതാവിനെയും പിതാവിനെയും തന്റെ ഭാര്യയെയും തന്റെ മക്കളെയും).**

(42). (അക്കൂട്ടർ) ഇവിടെ വിശേഷിപ്പിക്കപ്പെട്ടവർ (അവിശ്വാസികളും അധർമകാരികളുമായിട്ടുള്ളവർ). അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുകയും അവന്റെ ദൃഷ്ടാന്തങ്ങളെ കളവാക്കുകയും അവൻ നിഷിദ്ധമാക്കിയത് പ്രവർത്തിക്കാൻ ധൈര്യപ്പെടുകയും ചെയ്തവർ.

നാം അല്ലാഹുവോട് മാപ്പ് ചോദിക്കുന്നു. അവൻ അങ്ങേയറ്റത്തെ ഔദാര്യവാനാണ്.

ഫദ്ലുൽ ഹഖ് ഉമരി
kmfumari@gmail.com




# ഇസ്റാഉം മിഅ്റാജും

മക്കയിലുള്ള മസ്ജിദുൽ ഹറാമിൽ നിന്നും ശാമിലുള്ള മസ്ജിദുൽ അക്സയിലേക്കുള്ള നബിﷺയുടെ പ്രയാണമാണ് ഇസ്റാഅ്. ശാമിലെ മസ്ജിദുൽ അക്സയിൽ നിന്നും ഏഴ് ആകാശങ്ങൾക്കപ്പുറമുള്ള സിദ്റത്തുൽ മുൻതഹ വരെയുള്ള നബിﷺയുടെ യാത്രയാണ് മിഅ്റാജ്. നബിﷺക്ക് അല്ലാഹു നൽകിയ ഏറ്റവും വലിയ ഒരു ആദരവായിരുന്നു ഇസ്റാഉം മിഅ്റാജും. നബിയുടെ പ്രവാചകത്വത്തിന്റെ ഏറ്റവും വലിയ അടയാളവും അല്ലാഹു നൽകിയ അനവധി അമാനുഷികതകളിൽ ഏറ്റവും ഗാംഭീര്യം നിറഞ്ഞതുമായിരുന്നു മിഅ്റാജ്. മറ്റൊരു നബിക്കും നൽകപ്പെട്ടിട്ടില്ലാത്തതാണിത്. മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്റ പോകുന്നതിന് ഒരു വർഷം മുമ്പായിരുന്നു ഈ സംഭവങ്ങൾ. നബിﷺയുടെ ഉണർവിൽ തന്നെ ഒറ്റ രാത്രിയിലായിക്കൊണ്ടാണ് ഇസ്റാഉം മിഅ്റാജും ഉണ്ടായത്. നബിﷺയുടെ ശരീരം കൊണ്ടും ആത്മാവുകൊണ്ടും ആയിരുന്നു അത് സംഭവിച്ചത്.

ത്വാഇഫിൽ നിന്നും മടങ്ങിവന്ന പ്രയാസത്തിന്റെ കൈപ്പുനീരുകൾ അനുഭവിക്കുന്ന നബിക്ക് അല്ലാഹു നൽകിയ വലിയ ഒരു ആശ്വാസമായിരുന്നു ഇസ്‌റാഉം മിഅ്‌റാജും. ഇത് സംഭവിച്ചത് ഇന്ന മാസത്തിലാണ് എന്നും ഇന്ന ദിവസത്തിലാണ് എന്നും കൃത്യമായി പറയാൻ സാധിക്കുകയില്ല. വ്യത്യസ്തങ്ങളായ വീക്ഷണങ്ങളും അഭിപ്രായങ്ങളും ഈ വിഷയത്തിൽ പണ്ഡിതന്മാർക്കുണ്ട്. നബിﷺയുടെ ജീവിതം പരിശോധിച്ചാൽ അതിൽ ഒട്ടനവധി പരീക്ഷണങ്ങളുടെ മേഖലകൾ നമുക്ക് കാണുവാൻ സാധിക്കും. വേദനാജനകമായ ചുറ്റുപാടുകളും സാഹചര്യങ്ങളും കടുപ്പമേറിയ അവസ്ഥകളുമെല്ലാം നബിക്ക് മിഅ്‌റാജിനു തൊട്ടുമുമ്പായി ഉണ്ടായിട്ടുണ്ട്.

തന്റെ സംരക്ഷകനായിരുന്ന അബൂത്വാലിബിന്റെ മരണവും തന്റെ വീട്ടിലെ ഐശ്വര്യവും സമാധാനവും ആയിരുന്ന ഖദീജയുടെ മരണവും ദീനിനെ സംരക്ഷിക്കുവാൻ വേണ്ടി തന്റെ അനുചരന്മാരുടെ അബിസീനിയയിലേക്കുള്ള യാത്രയും സമാധാനവും ആശ്വാസവും ലഭിക്കുമെന്ന പ്രതീക്ഷയോടുകൂടി അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുന്നതിനു വേണ്ടി ത്വാഇഫിലേക്ക് പോയി അവിടെ നിന്നും അനുഭവിച്ച പ്രയാസങ്ങളിലൂടെയുള്ള തിരിച്ചുവരവും താൻ കൊണ്ടുവന്ന ആദർശത്തെ മക്കയിലുള്ള ആളുകൾ അവഗണിച്ചതും തനിക്കെതിരെ എന്തും ചെയ്യാൻ അവർ ധൈര്യം കാണിച്ചതും എല്ലാം നബിﷺയുടെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ച കാര്യങ്ങളായിരുന്നു. തിരമാലകൾ പോലെ മേൽക്കുമേൽ കടന്നുവന്ന ഇത്തരം പ്രയാസങ്ങളുടെ സന്ദർഭത്തിൽ മിഅ്‌റാജ് എന്ന അതിമഹത്തായ മുഅ്ജിസത്തിത്തിലൂടെ അല്ലാഹു പ്രവാചകനെ ആദരിക്കുകയാണ് ചെയ്തത്. ആരൊക്കെ പ്രവാചകനെ അവഗണിച്ചാലും കുറ്റപ്പെടുത്തിയാലും അല്ലാഹുവിന്റെ മാർഗത്തിൽ അല്ലാഹു പ്രവാചകനെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും എന്നുള്ള ഒരു അറിയിപ്പ് കൂടിയായിരുന്നു മിഅ്‌റാജ്.

"അവനാണ് സന്മാർഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ. എല്ലാ മതത്തെയും അത് അതിജയിക്കുന്നതാക്കാൻ വേണ്ടി. ബഹുദൈവവിശ്വാസികൾക്ക് അത് അനിഷ്ടകരമായാലും" (അത്തൗബ: 33).

ഇസ്‌റാഇനെയും മിഅ്‌റാജിനെയും കുറിച്ചുള്ള പരാമർശങ്ങൾ അല്ലാഹു നടത്തിയത് 2 സൂറത്തുകളിലാണ്. (അൽഇസ്‌റാഅ്:1, അന്നജ്മ്: 13,18).

ഇസ്‌റാഇന്റെ രാത്രിയിൽ ഇശാഇനു ശേഷം ജിബ്‌രീൽ നബിﷺയുടെ അടുക്കലേക്ക് വന്നു. നബിﷺയുടെ നെഞ്ച് പിളർത്തി സംസം വെള്ളം കൊണ്ട് വൃത്തിയാക്കി. ശേഷം ഈമാനും ഹിക്മത്തും അതിൽ നിറച്ചു. ശേഷം പിളർക്കപ്പെട്ട നെഞ്ച് ചേർത്തു വച്ചു. ബനൂസഅ്ദിന്റെ കൂടെ താമസിക്കുന്ന കാലഘട്ടത്തിലുണ്ടായ ഒന്നാമത്തെ നെഞ്ച് പിളർത്തലിനു ശേഷം നബിയുടെ ജീവിതത്തിലെ രണ്ടാമത്തെ നെഞ്ചുപിളർത്തിയ സംഭവമാണിത്. ശേഷം ജിബ്‌രീൽ ബുറാഖുമായി വന്നു. കഴുതയെക്കാൾ വലുപ്പമുള്ളതും കോവർകഴുതയെക്കാൾ ചെറുതുമായ ഒരു മൃഗമാണ് ബുറാഖ്. അതിന്റെ നോട്ടം എവിടേക്കെത്തുന്നുവോ അവിടെയെല്ലാം അതിന്റെ കാൽപാദങ്ങളും എത്തും. നബിﷺ അതിൽ കയറി ബൈത്തുൽ മുക്വദ്ദസിലേക്ക് യാത്രയായി. ജിബ്‌രീലും കൂടെ ഉണ്ടായിരുന്നു. നബിമാർ തങ്ങളുടെ മൃഗങ്ങളെ കെട്ടുന്ന ഭാഗത്ത് ബുറാഖിനെ ബന്ധിച്ചു. ശേഷം പള്ളിയിൽ പ്രവേശിച്ചു. മറ്റുള്ള അമ്പിയാക്കളെ അല്ലാഹു അവിടെ ഒരുമിച്ച് കൂട്ടിയിരുന്നു. അവർക്ക് ഇമാമായി നിന്ന് രണ്ടു റക്അത്ത് നമസ്‌കരിച്ചു. മദ്യത്തിന്റെയും പാലിന്റെയും 2 പാത്രങ്ങളുമായി ജിബ്‌രീൽ വന്നു. നബിﷺ പാൽ പാത്രം തിരഞ്ഞെടുത്തു. അതിനുശേഷം നബിക്കു മുമ്പിൽ മിഅ്‌റാജ് കൊണ്ടുവരപ്പെട്ടു. ജിബ്‌രീലിനോടൊപ്പം അതിൽ കയറി ആകാശ ലോകത്തേക്ക് യാത്രയായി. ഓരോ ആകാശത്തിലും എത്തുമ്പോൾ അവിടെയുള്ള കവാടങ്ങൾ തുറക്കാൻ കൽപിക്കപ്പെടുകയും ആകാശ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്തു.

**തന്റെ സംരക്ഷകനായിരുന്ന അബൂത്വാലിബിന്റെ മരണവും തന്റെ വീട്ടിലെ ഐശ്വര്യവും സമാധാനവും ആയിരുന്ന ഖദീജയുടെ മരണവും ദീനിനെ സംരക്ഷിക്കുവാൻ വേണ്ടി തന്റെ അനുചരന്മാരുടെ അബിസീനിയയിലേക്കുള്ള യാത്രയും സമാധാനവും ആശ്വാസവും ലഭിക്കുമെന്ന പ്രതീക്ഷയോടുകൂടി അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുന്നതിനു വേണ്ടി ത്വാഇഫിലേക്ക് പോയി അവിടെ നിന്നും അനുഭവിച്ച പ്രയാസങ്ങളിലൂടെയുള്ള തിരിച്ചുവരവും താൻ കൊണ്ടുവന്ന ആദർശത്തെ മക്കയിലുള്ള ആളുകൾ അവഗണിച്ചതും തനിക്കെതിരെ എന്തും ചെയ്യാൻ അവർ ധൈര്യം കാണിച്ചതും എല്ലാം നബിﷺയുടെ മനസ്സിനെ വല്ലാതെ വേദനിപ്പിച്ച കാര്യങ്ങളായിരുന്നു. തിരമാലകൾ പോലെ മേൽക്കുമേൽ കടന്നുവന്ന ഇത്തരം പ്രയാസങ്ങളുടെ സന്ദർഭത്തിൽ മിഅ്‌റാജ് എന്ന അതിമഹത്തായ മുഅ്ജിസത്തിത്തിലൂടെ അല്ലാഹു പ്രവാചകനെ ആദരിക്കുകയാണ് ചെയ്തത്.**

ഓരോ ആകാശങ്ങളിലും അമ്പിയാക്കളെ കണ്ടുമുട്ടി. ഏഴ് ആകാശങ്ങൾക്ക് അപ്പുറമുള്ള ബൈത്തുൽ മഅ്മൂറിൽ എത്തിച്ചേർന്നു. അവിടെനിന്നും സിദ്റത്തുൽ മുൻതഹയിലേക്ക് ഉയർത്തപ്പെട്ടു. അവിടെ വെച്ചുകൊണ്ട് അഞ്ചു നേരത്തെ നമസ്കാരം ഈ ഉമ്മത്തിന് വേണ്ടി അല്ലാഹു നിർബന്ധമാക്കി നിശ്ചയിച്ചു കൊടുത്തു. നരകവും സ്വർഗവും കണ്ടു. അതിനുശേഷം ആകാശങ്ങളുടെ ഉന്നതികളിൽ നിന്നും ബൈത്തുൽ മുക്വദ്ദസിലേക്ക് ജിബ്‌രീലിന്റെ കൂടെ യാത്രയായി. അവിടെനിന്നും ബുറാഖിൽ കയറി മക്കയിലേക്ക് തിരിച്ചുപോന്നു. സുബ്ഹിയുടെ മുമ്പുതന്നെ മക്കയിൽ എത്തിച്ചേരുകയും ചെയ്തു. ഇതാണ് ഇസ്‌റാഇന്റെയും മിഅ്‌റാജിന്റെയും ചുരുക്കം. (ബുഖാരി: 3887. മുസ്‌ലിം: 264).

മിഅ്‌റാജിന്റെ സന്ദർഭത്തിൽ അല്ലാഹു ഈ ഉമ്മത്തിന് ആദ്യമായി നിർബന്ധമാക്കിയത് 50 നേരത്തെ നമസ്കാരമായിരുന്നു. എന്നാൽ മിഅ്‌റാജ് കഴിഞ്ഞ് തിരിച്ചുപോരുന്ന സന്ദർഭത്തിൽ മുഹമ്മദ് നബിﷺമൂസാ നബി(അ)യെ കണ്ടുമുട്ടി. മൂസാ നബി(അ) ചോദിച്ചു: 'താങ്കളുടെ ഉമ്മത്തിന് എന്താണ് അല്ലാഹു നൽകിയിട്ടുള്ളത്?' നബി പറഞ്ഞു: 'ഓരോ ദിവസവും 50 സമയത്തെ നമസ്കാരങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്.' അപ്പോൾ മൂസാ നബി(അ) പറഞ്ഞു: 'താങ്കളുടെ ഉമ്മത്തിന് 50 നേരത്തെ നമസ്കാരം എല്ലാദിവസവും സാധ്യമാവുകയില്ല. എന്റെ സമുദായത്തിന്റെ വിഷയത്തിൽ ഞാൻ പരീക്ഷിച്ചതാണ്. ബനൂഇസ്‌റാഈല്യരിൽ നിന്ന് വലിയ പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടങ്ങുകയും ഈ വിഷയത്തിൽ നിങ്ങളുട ഉമ്മത്തിന് ലഘൂകരണം ഉണ്ടാക്കിത്തരാൻ ആവശ്യപ്പെടുകയും വേണം.' നബിﷺ പറയുന്നു: 'അങ്ങനെ ഞാൻ അല്ലാഹുവിങ്കലേക്ക് തിരിച്ചുചെന്നു. അല്ലാഹു എനിക്ക് 10 ഒഴിവാക്കി തന്നു. തിരിച്ചുപോരുന്ന സന്ദർഭത്തിൽ മൂസാനബി വീണ്ടും എന്നോട് വിഷയങ്ങൾ ചോദിച്ചപ്പോൾ ഞാൻ ഉണ്ടായ സംഭവങ്ങൾ അറിയിച്ചു. മൂസാനബി എന്നോട് പറഞ്ഞു: 'നിങ്ങളുടെ സമുദായത്തിന് അതും സാധ്യമാവുകയില്ല. അതുകൊണ്ട് അല്ലാഹുവോട് ലഘൂകരണം ആവശ്യപ്പെടണം.' ഈ നിലയ്ക്ക് ആവർത്തിച്ചാവർത്തിച്ചുള്ള അല്ലാഹുവിന്റെ അടുക്കലേക്കുള്ള പോക്കും വരവും ഉണ്ടായപ്പോൾ അവസാനം അത് അഞ്ചായി നിർണയിച്ചു തന്നു. മൂസാ നബി(അ) മുഹമ്മദ് നബിﷺയോട് പറഞ്ഞു: 'താങ്കളുടെ ഉമ്മത്തിന് അഞ്ചുനേരത്തെ നമസ്കാരം സാധ്യമല്ല. അതുകൊണ്ട് ഇനിയും കുറച്ചുതരാൻ ആവശ്യപ്പെടണം. കാരണം എന്റെ സമുദായത്തെ ഞാൻ നന്നായി പരീക്ഷിച്ചതാണ്.' അപ്പോൾ മുഹമ്മദ് നബി പറഞ്ഞു: 'ഇനി എനിക്ക് ലജ്ജ തോന്നുകയാണ്. അതുകൊണ്ട് ഞാൻ ഇതിൽ തൃപ്തിപ്പെടുകയും ഇത് അംഗീകരിക്കുകയും ചെയ്യുന്നു.' നബിﷺ പറയുകയാണ്: 'ഞാൻ അവിടെ നിന്നും വിട്ടുകടന്നപ്പോൾ ഒരു വിളിയാളൻ വിളിച്ചു പറയുന്നത് ഞാൻ കേട്ടു: 'ഞാൻ എന്റെ നിർബന്ധം നടപ്പിലാക്കിയിരിക്കുന്നു. അടിമകൾക്ക് ഞാൻ ലഘൂകരണം നൽകിയിരിക്കുന്നു.'

നേരം പുലർന്നപ്പോൾ മുഹമ്മദ് നബിﷺ മക്കക്കാരോട് തന്റെ അനുഭവങ്ങൾ വിശദീകരിച്ചു. താൻ കണ്ട അത്ഭുതകരമായ കാര്യങ്ങൾ അവർക്ക് മുമ്പിൽ വിശദീകരിച്ചു. ഇതോടെ പ്രവാചകനെ വ്യാജമാക്കൽ ശക്തിപ്പെടുകയും അവരുടെ പരിഹാസങ്ങൾ വർധിക്കുകയും ചെയ്തു. നബിﷺ പറയുന്നു: "ഇസ്‌റാഅ് ഉണ്ടായ ശേഷം ജനങ്ങൾ എന്നെ വ്യാജമാക്കുന്നു എന്ന് മനസ്സിലാക്കിയപ്പോൾ ഞാൻ ഒരു ഭാഗത്ത് ദുഃഖിതനായിരുന്നു. ഈ സന്ദർഭത്തിൽ അല്ലാഹുവിന്റെ ശത്രുവായ അബൂജഹ്ൽ അതിലൂടെ കടന്നുവന്നു. എന്നിട്ട് എന്റെ സമീപത്തിരുന്ന് ഒരു പരിഹാസ്യ ഭാഷയിൽ ചോദിച്ചു: 'എന്തെങ്കിലും സംഭവിച്ചോ?' ഞാൻ പറഞ്ഞു: 'അതെ, സംഭവിച്ചിട്ടുണ്ട്.' 'എന്താണുണ്ടായത്?' ഞാൻ ഇസ്‌റാഇനെക്കുറിച്ച് പറഞ്ഞു. അപ്പോൾ അബൂജഹ്ൽ ചോദിച്ചു: 'എങ്ങോട്ടാണ് ഉണ്ടായത്?' ഞാൻ പറഞ്ഞു: 'ബൈത്തുൽ മുക്വദ്ദസിലേക്ക്.' അബൂജഹ്ൽ ചോദിച്ചു: 'എന്നിട്ട് ഇത്രയും പെട്ടെന്ന് ഞങ്ങൾക്കിടയിലേക്ക് നീ തിരിച്ചുവന്നുവോ?' ഞാൻ പറഞ്ഞു: 'അതെ.' അബൂജഹ്ൽ ചോദിച്ചു: 'നിന്റെ ഈ ജനതയെ നിന്റെ മുമ്പിലേക്ക് കൊണ്ടുവന്നാൽ എന്നോട് പറഞ്ഞ ഈ വിവരം നീ അവരോടും പറയുമോ?' നബിﷺ പറഞ്ഞു: 'അതെ, പറയും.' അബൂജഹ്ൽ കഅ്ബ് ഇബ്നു ലുഅയ്യ് ഗോത്രത്തെ അവിടേക്ക് വിളിച്ചുവരുത്തി. അബൂജഹ്ൽ പറഞ്ഞു: 'എന്നോട് നീ പറഞ്ഞ കാര്യം ഈ ആളുകളോടും പറയൂ.' അബൂജഹ്ൽ പറഞ്ഞത് പ്രകാരം നബിﷺഅവരോടു പറഞ്ഞു. അബൂജഹ്ൽ ചോദിച്ച ചോദ്യങ്ങൾ അവരും ചോദിച്ചു. മുഹമ്മദ് നബിﷺ പറയുന്ന കാര്യങ്ങൾ കളവാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് ചിലയാളുകൾ കയ്യടിച്ചു. ചിലയാളുകൾ തലക്ക് കൈവെച്ചു; എന്നിട്ട് ചോദിച്ചു: 'മസ്ജിദുൽ അക്സയെ കുറിച്ച് ഞങ്ങൾക്ക് വർണിച്ചു തരാൻ സാധിക്കുമോ?' (അവരുടെ കൂട്ടത്തിൽ

മസ്ജിദുൽ അക്സയും ആ രാജ്യവും സന്ദർശിച്ചവർ ഉണ്ടായിരുന്നു).മസ്ജിദുൽ അക്സയെക്കുറിച്ചും നബിﷺ കണ്ട കാര്യങ്ങളെക്കുറിച്ചും അവർക്ക് മുമ്പിൽ വർണിച്ചു കൊടുത്തു.'(അഹ്മദ്: 2819).

മുഹമ്മദ് നബിﷺയുടെ ഇസ്റാഇനെ കുറിച്ച് ജനങ്ങൾ തമ്മിൽ തമ്മിൽ സംസാരിച്ചു. സംശയം പ്രകടിപ്പിച്ചിരുന്ന ചിലയാളുകൾ അബൂബക്ർ رضي الله عنهവിനോട് ചോദിച്ചു: 'മുഹമ്മദ് ഇങ്ങനെയൊക്കെ പറയുന്നുണ്ട്. നീ അത് വിശ്വസിക്കുമോ? മുഹമ്മദ് ബൈത്തുൽ മുക്വദ്ദസിലേക്ക് പോയി വന്നു എന്നാണ് പറയുന്നത്. നീ അത് അംഗീകരിക്കുമോ?' അബൂബക്ർ رضي الله عنه ചോദിച്ചു: 'മുഹമ്മദ് നബി അങ്ങനെ പറഞ്ഞിട്ടുണ്ടോ?' അവർ പറഞ്ഞു: 'അതെ, മുഹമ്മദ് പറഞ്ഞിട്ടുണ്ട്.' അബൂബക്ർ رضي الله عنه പറഞ്ഞു: 'ഞാൻ അത് അംഗീകരിക്കുന്നു. ഞാൻ അത് വിശ്വസിക്കുന്നു.' അപ്പോൾ അവർ ചോദിച്ചു: 'ഒറ്റ രാത്രി കൊണ്ട് ബൈത്തുൽ മുക്വദ്ദസിലേക്ക് പോകുകയും നേരം പുലരുന്നതിനു മുമ്പ് തിരിച്ചു വരികയും ചെയ്തു എന്ന് പറയുകയും ചെയ്യുമ്പോൾ നീ അത് വിശ്വസിക്കുകയോ?' അബൂബക്ർ رضي الله عنه പറഞ്ഞു: 'അതെ, മുഹമ്മദ് നബി ഇതിനെക്കാൾ വിദൂരമായ കാര്യം പറഞ്ഞാലും ഞാൻ വിശ്വസിക്കും. ആകാശത്തിലെ വർത്തമാനങ്ങൾ മുഹമ്മദ് നബി പറഞ്ഞാൽ ഞാനത് വിശ്വസിക്കുന്നുണ്ട്.' അങ്ങനെയാണ് അബൂബക്റിന് സ്വിദ്ദീക് എന്ന പേരു ലഭിച്ചത്' (ഹാകിം: 3/62).

മിഅ്റാജ് വേളയിൽ മുഹമ്മദ് നബിﷺ തന്റെ ഹൃദയം കൊണ്ട് അല്ലാഹുവിനെ കണ്ടു. കണ്ണുകൾ കൊണ്ട് അല്ലാഹുവിനെ കണ്ടിട്ടില്ല. ഇഹലോകത്ത് വച്ചു കൊണ്ട് മനുഷ്യനേത്രങ്ങളാൽ അല്ലാഹുവിനെ കാണുക സാധ്യമല്ല. ഇത് ക്വുർആൻ പഠിപ്പിച്ച വസ്തുതയുമാണ്. മറയുടെ പിന്നിൽ നിന്നല്ലാതെ അല്ലാഹു പ്രവാചകന്മാരോട് സംസാരിച്ചിട്ടില്ല. എന്നാൽ മുഹമ്മദ് നബി ജിബ്രീലിനെ തനതായ രൂപത്തിൽ രണ്ട് തവണ കണ്ടിട്ടുണ്ട്. (ബുഖാരി: 4855. മുസ്ലിം: 177).

അബൂദർറ് رضي الله عنه നബിﷺയോട് ചോദിച്ചു: 'നിങ്ങൾ നിങ്ങളുടെ റബ്ബിനെ കണ്ടിട്ടുണ്ടോ?' അപ്പോൾ മുഹമ്മദ് നബിﷺ പറഞ്ഞു: 'ഒരു പ്രകാശമാണ് ഞാൻ കണ്ടത്' (മുസ്ലിം: 178).

ഇസ്റാഅ് കഴിഞ്ഞ് തിരിച്ചുവന്ന് ശേഷം പകലിൽ ജിബ്രീൽ നബിعليه السلامയുടെ അടുക്കലേക്ക് വരികയും എന്നിട്ട് നമസ്കാര സമയങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്തു. നബിﷺ നമസ്കാരത്തിനു വേണ്ടി ജനങ്ങളെ ഒരുമിച്ചു കൂട്ടി. നബിﷺയെയും കൊണ്ട് ജിബ്രീൽ നമസ്കരിച്ചു. നബിﷺ ജനങ്ങളെ കൊണ്ടും നമസ്കരിച്ചു. ആ നമസ്കാരത്തിന് 'ദുഹ്ർ' എന്ന നാമം നൽകുകയും ചെയ്തു.

ജാബിർ ഇബ്നു അബ്ദുല്ല رضي الله عنه പറയുന്നു: "സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയശേഷം ജിബ്രീൽ നബിﷺയുടെ അടുക്കലേക്ക് വന്നു. എന്നിട്ട് പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ, ദുഹ്ർ നമസ്കരിക്കൂ.' മുഹമ്മദ് നബിﷺ എഴുന്നേൽക്കുകയും സൂര്യൻ മധ്യത്തിൽ നിന്നും തെറ്റിയതിന് ശേഷം നമസ്കരിക്കുകയും ചെയ്തു.' ശേഷം ഒരു വ്യക്തിയുടെ നിഴൽ ആ വ്യക്തിയുടെ വലുപ്പത്തിൽ ആയതിനു ശേഷം ജിബ്രീൽ വന്ന് കൊണ്ട് പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ. അസ്വ്ർ നമസ്കരിക്കൂ.' അങ്ങനെ അസ്വ്ർ നമസ്കരിച്ചു. സൂര്യൻ അസ്തമിച്ചപ്പോൾ ജിബ്രീൽ വന്നു പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ, മഗരിബ് നമസ്കരിക്കൂ.' അസ്തമയ ശോഭ മറഞ്ഞു കഴിഞ്ഞപ്പോൾ ജിബ്രീൽ വന്നുകൊണ്ട് പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ, ഇശാഅ് നമസ്കരിക്കൂ.' അങ്ങനെ മുഹമ്മദ് നബി എഴുന്നേൽക്കുകയും ഇശാഅ് നമസ്കരിക്കുകയും ചെയ്തു. പ്രഭാതമായപ്പോൾ ജിബ്രീൽ വന്നുകൊണ്ട് പറഞ്ഞു:'മുഹമ്മദ്! എഴുന്നേൽക്കൂ, ഫജ്ർ നമസ്കരിക്കൂ.' നബിﷺ നമസ്കരിച്ചു. (നമസ്കാരത്തിന്റെ ആദ്യ സമയങ്ങളാണ് ഈ രൂപത്തിൽ വന്നു കൊണ്ട് ജിബിരീൽ മുഹമ്മദ് നബിക്ക് പഠിപ്പിച്ചു കൊടുത്തത്. രണ്ടാമത്തെ ദിവസം വന്നുകൊണ്ട് നമസ്കാരത്തിന്റെ അവസാന സമയവും കാണിച്ചുകൊടുത്തു. അത് ഇപ്രകാരമായിരുന്നു:)

അടുത്ത ദിവസം ഒരു വ്യക്തിയുടെ നിഴൽ അതേ വലുപ്പത്തിൽ ആയപ്പോൾ ജിബ്രീൽ വന്നു കൊണ്ട് പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ, നമസ്കരിക്കൂ.' മുഹമ്മദ് നബിﷺ എഴുന്നേൽക്കുകയും നമസ്കരിക്കുകയും ചെയ്തു. അതിനുശേഷം ഒരു വ്യക്തിയുടെ നിഴൽ അയാളുടെ ഇരട്ടി വലുപ്പത്തിൽ ആയപ്പോൾ ജിബ്രീൽ വന്നു കൊണ്ട് പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ, നമസ്കരിക്കൂ.' നബിﷺ നമസ്കരിച്ചു. മഗ്രിബിന്റെ സമയമായപ്പോൾ തലേദിവസം വന്ന അതേ സമയത്ത് തന്നെ ജിബ്രീൽ വന്നുകൊണ്ട് പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ, നമസ്കരിക്കൂ.' മുഹമ്മദ് നബിﷺ നമസ്കരിച്ചു. രാത്രിയുടെ മൂന്നിലൊന്ന് കഴിയുന്ന സന്ദർഭത്തിൽ ജിബ്രീൽ വന്നുകൊണ്ട് പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ, ഇശാഅ് നമസ്കരിക്കൂ.' അങ്ങനെ നബിﷺ ഇശാഅ് നമസ്ക

**മിഅ്റാജിന്റെ ദിവസമോ മാസമോ കൃത്യമായി നിർണയിച്ചു പറയുക സാധ്യമല്ല. ആ രാത്രിക്ക് കർമങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു രാത്രികളെക്കാൾ ഒരു പ്രത്യേകതയുമില്ല. കൂടുതൽ ആരാധനകൾ നിർവഹിക്കാനായി ആ രാത്രിയെ അല്ലാഹു നിർണയിച്ചുതന്നിട്ടുമില്ല.**

രിച്ചു. പ്രഭാതം നന്നായി പൊട്ടിവിടർന്ന സമയത്ത് (സൂര്യോദയത്തിനു മുമ്പ്) ജിബ്‌രീൽ വന്നുകൊണ്ട് പറഞ്ഞു: 'മുഹമ്മദ്! എഴുന്നേൽക്കൂ, സുബ്ഹി നമസ്‌കരിക്കൂ.' എന്നിട്ട് പറഞ്ഞു: 'ഇതിന് രണ്ടിനും ഇടക്കാണ് ഓരോ നമസ്‌കാരത്തിന്റെയും സമയങ്ങൾ.' (അഹ്മദ് :1453).

രണ്ടു ദിവസങ്ങളിലായി ജിബ്‌രീൽ മുഹമ്മദ് നബിﷺയുടെ അടുക്കലേക്ക് വന്നുകൊണ്ട് നമസ്‌കാരത്തിന്റെ ആദ്യ സമയവും അതിന്റെ അവസാന സമയവും കാണിച്ചു കൊടുക്കുകയായിരുന്നു. ഇസ്‌റാഇന്റെ രാത്രിയിൽ മുഹമ്മദ് നബിﷺക്കും ഈ സമുദായത്തിനും അല്ലാഹു നമസ്‌കാരം നിർബന്ധമാക്കിയപ്പോൾ ദുഹ്‌റും അസ്വ്‌റും രണ്ട് റക്അത്തുകൾ വീതം ആയിരുന്നു നമസ്‌കരിച്ചിരുന്നത്; മഗ്‌രിബ് മൂന്ന് റക്അത്തും. മക്കയിൽ നിന്നും മദീനയിലേക്ക് ഹിജ്‌റ പോയതിനു ശേഷമാണ് ചില നമസ്‌കാരങ്ങൾ 4 ആക്കി നിർബന്ധമാക്കുകയും യാത്രയുടെ നമസ്‌കാരം ആദ്യത്തേത് പോലെ രണ്ടിൽ തന്നെ പരിമിതപ്പെടുത്തുകയും ചെയ്തത്. ഈ സംഭവം ആഇശ رضي الله عنها പറയുന്നു: 'നമസ്‌കാരം നിർബന്ധമാക്കിയപ്പോൾ ഈരണ്ടു റക്അത്തുകളായിരുന്നു ആദ്യത്തിൽ ഉണ്ടായിരുന്നത്. പിന്നീട് യാത്രയുടെ നമസ്‌കാരം രണ്ടിൽ തന്നെ ഒതുക്കുകയും മറ്റു നമസ്‌കാരങ്ങൾ വർധിപ്പിക്കുകയും ചെയ്തു' (ബുഖാരി: 350. മുസ്‌ലിം: 685).

മക്കയിൽ ആയിരുന്ന കാലഘട്ടത്തിൽ ബൈത്തുൽ മുക്വദ്ദസിലേക്ക് തിരിഞ്ഞുകൊണ്ടാണ് നമസ്‌കരിച്ചിരുന്നത്. തന്റെയും ബൈത്തുൽ മുക്വദ്ദസിന്റെയും ഇടയിലായിരുന്നു ആ സന്ദർഭത്തിൽ കഅ്ബ ഉണ്ടായിരുന്നത്. മദീനയിലേക്ക് ഹിജ്‌റ പോയതിനുശേഷം 16 മാസം കഴിഞ്ഞപ്പോൾ ക്വിബ്‌ല കഅ്ബയിലേക്ക് മാറ്റിയതായി ആയത്ത് ഇറങ്ങുകയും അതിനുശേഷം കഅ്ബയിലേക്ക് തിരിഞ്ഞ് നമസ്‌കരിക്കുകയും ചെയ്തു.

"(നബിയേ,) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്ക് ഇഷ്ടമാകുന്ന ഒരു ക്വിബ്‌ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനി മേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറാമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത്..." (അൽബക്വറ: 144).

മിഅ്റാജിന്റെ ദിവസമോ മാസമോ കൃത്യമായി നിർണയിച്ചു പറയുക സാധ്യമല്ല. ആ രാത്രിക്ക് കർമങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു രാത്രികളെക്കാൾ ഒരു പ്രത്യേകതയുമില്ല. കൂടുതൽ ആരാധനകൾ നിർവഹിക്കാനായി ആ രാത്രിയെ അല്ലാഹു നിർണയിച്ചുതന്നിട്ടുമില്ല. ചിലയാളുകൾ പ്രത്യേകമായ ദിക്‌റുകളും നമസ്‌കാരങ്ങളും സ്വലാത്തുകളും ഉംറയും ആ ദിവസത്തിൽ വർധിപ്പിക്കുന്നു എന്നതാണ് ഇത് പ്രത്യേകം പറയുവാനുള്ള കാരണം. ഇസ്‌റാഇന്റെയും മിഅ്റാജിന്റെയും യാത്രയിലൂടെ ഒട്ടനവധി ദൃഷ്ടാന്തങ്ങളും ഒരുപാട് നിയമങ്ങളും അല്ലാഹു പഠിപ്പിക്കുകയാണ്.

തന്റെ വലിയ്യുകളെ അല്ലാഹു സഹായിക്കുമെന്നും അവരെ ആദരിക്കുമെന്നുമുള്ള കാര്യം ഇവിടെ ബോധ്യപ്പെടുത്തുന്നു. ഇസ്‌ലാമിൽ നമസ്‌കാരത്തിന് എത്രത്തോളം പ്രാധാന്യമുണ്ട് എന്നുള്ള കാര്യവും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. ഇസ്‌ലാമിലെ എല്ലാ ആരാധനകളും ജിബ്‌രീൽ മുഖാന്തരമാണ് ഈ ഭൂമിയിലുള്ളവർക്ക് പഠിപ്പിച്ചുകൊടുത്തത്. എന്നാൽ നമസ്‌കാരത്തെക്കുറിച്ച് അത് നിർബന്ധമാണ് എന്ന നിലക്ക് സമൂഹത്തെ ബോധ്യപ്പെടുത്തികൊടുക്കാൻ മുഹമ്മദ് നബിﷺയെ ഏഴ് ആകാശങ്ങക്കപ്പുറത്തേക്ക് കൊണ്ടുപോയി. ഇസ്‌ലാം സത്യമതമാണെന്നും മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ പ്രവാചകൻ തന്നെയാണെന്നുമുള്ള ഉത്തമ വിശ്വാസം ഇസ്‌റാഉം മിഅ്റാജും നൽകുന്നു. ഇസ്‌ലാം സ്വന്തം ബുദ്ധികൊണ്ട് മാത്രം തീരുമാനിക്കേണ്ട കാര്യമല്ല എന്നും ഇസ്‌ലാം എന്ന് പറഞ്ഞാൽ വഹ്‌യും പ്രമാണവും ആണെന്നും ഈ സംഭവങ്ങൾ മനുഷ്യരെ ബോധ്യപ്പെടുത്തുന്നു. ആരുടെയെങ്കിലും ഹൃദയത്തിന് പ്രകാശം നൽകിയിട്ടുണ്ടെങ്കിൽ അവൻ തന്റെ ബുദ്ധിയെക്കാൾ വഹ്‌യിന് മുൻഗണന നൽകുന്നതാണ്. ഈ പ്രകാശം ലഭിച്ചവരുടെ മുൻപന്തിയിൽ നിൽക്കുന്ന വ്യക്തിയാണ് അബൂബക്ർ സ്വിദ്ദീക്ക് رضي الله عنه. കാരണം നബിയുടെ ഇസ്‌റാഇനെയും മിഅ്റാജിനെയും കുറിച്ച് കേട്ടയുടൻ സംശയമേതുമില്ലാതെ അദ്ദേഹം വിശ്വസിച്ചു. ഇത് യഥാർഥ വിശ്വാസികളുടെ അടയാളം കൂടിയാണ്. ●

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# പെൺകുട്ടികൾക്കിതെന്തു പറ്റി, ആൺകുട്ടികൾക്കും?

മകന് പരീക്ഷാഫീസ് അടക്കാൻ സ്വകാര്യസ്ഥാപനത്തിന്റെ ഒന്നാം നിലയിൽ കാത്ത് നിൽക്കുകയായിരുന്നു. മതചിട്ട പ്രകാരം യൂണിഫോം ധരിച്ച ഒരു പെൺകുട്ടി വരുന്നത് കണ്ടതപ്പോഴാണ്. വന്നയുടനെ അവൾ വഴിയിലൊരു പയ്യന് ഹസ്തദാനം നൽകി. അവൾ കൈ തിരികെയെടുത്തപ്പോൾ അവൻ പിടിമുറുക്കി, കൈവിട്ടില്ല. ആ പെൺകുട്ടിക്കത് തിരികെ വലിക്കണമെന്നുമുണ്ടായില്ല, കുറെ നേരമവർ അങ്ങനെ വർത്തമാനം പറഞ്ഞു. ഫ്രീക്കൻ സ്റ്റൈലിൽ താടിയും മുടിയുമുള്ള പയ്യൻ സ്റ്റാന്റിൽ നിർത്തിയിട്ട ബൈക്കിലാണിരുന്നിരുന്നത്. കൂടെ അത്തരത്തിൽ രണ്ട് പേർ കൂടിയുണ്ടായിരുന്നു. അവർ മൊബൈൽ ഫോണിന്റെ ടച്ച് സ്ക്രീനിൽ വ്യാപൃതരായിരുന്നു. പയ്യന്റെ കൈ വിട്ട് ക്ലാസിലേക്ക് പോകവെ അവൾ കൈ കൊണ്ടും കണ്ണുകൾ കൊണ്ടും രഹസ്യ മുദ്രകൾ കൈമാറിയാണ് സ്ഥലം വിട്ടത്.

ഈ പെൺകുട്ടികൾക്കിതെന്ത് പറ്റി, ആൺകുട്ടികൾക്കും? വളരെ പരസ്യമായി നിസ്സങ്കോചം അന്യ ആൺകുട്ടികളും പെൺകുട്ടികളും തൊട്ടും പിടിച്ചും ഇടപഴകുന്നു!

സംസ്ഥാനാതിർത്തിയിൽ ജോലി ചെയ്യവെ ദീർഘദൂര ബസ്സുകളിൽ ഇത്തരം പല കാഴ്ചകൾ കണ്ടത് ഓർമവന്നു. ആഴ്ചാവസാനം കേരളത്തിലേക്കുള്ള ബസ്സിൽ വിദ്യാർഥി, വിദ്യാർഥിനികളുടെ തിരക്ക് കൂടുതലായിരിക്കും. ആണും പെണ്ണും അടുത്തടുത്തിരിക്കുന്നതും പതിവ് കാഴ്ചയാണ്. നിർലജ്ജം, നിസ്സങ്കോചം സംസാരത്തിനപ്പുറത്തുള്ള കൈക്രിയകൾ കാണുമ്പോൾ അത്മരോഷം തോന്നാറുണ്ട്. അവൾക്കിറങ്ങാനുള്ള ബസ് സ്റ്റാന്റിൽ എത്താറാവുമ്പോഴാണ് ചിത്രം മാറുക. അവർ വെവ്വേറെ സീറ്റിലേക്ക് മാറിയിരിക്കുന്നു. വേഷം ശരിയാക്കുന്നു. അപ്പോഴാണ് പെൺകുട്ടികളുടെ വേഷവിധാനത്തിൽ നിന്ന് വിശ്വാസാചാരങ്ങളൊക്കെ വ്യക്തമാകുന്നത്. അടക്കവും ഒതുക്കവുമുള്ള നല്ല കുട്ടിയായി രക്ഷിതാക്കൾക്കൊപ്പം യാത്രതിരിക്കുന്നു!

ചില ബസ്സുകളിൽ മുൻപിൽ വാതിലുകളിലൂടെ കയറുന്ന യാത്രക്കാർ ബസിന്റെ മധ്യഭാഗത്തെത്താതിരിക്കാൻ വിദ്യാർഥികൾ മനുഷ്യ മതിൽ കെട്ടും. ഈ സുരക്ഷിത രഹസ്യ കേന്ദ്രത്തിൽ വിദ്യാർഥി, വിദ്യാർഥിനികൾ അവരവരുടെ സല്ലാപത്തിനപ്പുറമുള്ള കേളികൾ നിർബാധം തുടരും. കാണരുതേയെന്ന് കരുതുന്ന കാഴ്ചകളാണ് അവിടെ കൂടുതലും നടക്കാറുള്ളത്. എന്നാൽ ബസ് സ്റ്റാന്റിലെത്തുമ്പോഴേക്കും സംരക്ഷിത കേന്ദ്രത്തിന് അയവ് വരും. പെൺകുട്ടികൾ സ്ഥലം മാറിയിരിക്കും. വേഷത്തിൽ മാറ്റം വരും. വിദ്യാർഥിനികളുടെ നിഷ്കളങ്ക ശരീരഭാഷ പുനഃസ്ഥാപിച്ച് കാത്തിരിക്കുന്ന ബന്ധക്കൾക്കൊപ്പം യാത്രതിരിക്കും.

ഒരിക്കൽ മധ്യകേരളത്തിൽ നിന്ന് നാട്ടിലേക്ക് ഒരു അന്തർസംസ്ഥാന ബസിൽ യാത്രചെയ്യവെ കണ്ട കാഴ്ച ഓർമവരുന്നു. ലീവ് കഴിഞ്ഞ ശേഷം കോളേജിലേക്ക് പോകുന്ന ആൺ, പെൺകുട്ടികൾ കുറച്ചുണ്ടായിരുന്നു. പാതിരാവായപ്പോൾ ബസിലെ വിളക്കുകൾ അണച്ച് യാത്രക്കാർക്ക് മയങ്ങാനുള്ള സൗകര്യം ചെയ്തുകൊടുത്തു ജീവനക്കാർ. ഒരു സ്റ്റാന്റിലെത്താറായപ്പോൾ ലൈറ്റ് തെളിച്ചു. അപ്പോൾ അടുത്ത സീറ്റിൽ കണ്ട കാഴ്ച ഏതാണ്ട് ഉറക്കറയിലേതായിരുന്നു!

ഒരു കല്യാണത്തിൽ പങ്കെടുത്ത് കുടുംബമൊന്നിച്ച് മടങ്ങവെ വഴിയോരത്തെ മരച്ചുവട്ടിൽ കരിമ്പു നീര് കുടിക്കാൻ വാഹനം നിർത്തി. കാഴ്ചയിൽ വ്യത്യസ്ത മതക്കാരാണെന്ന് തോന്നുന്ന ഒരു ജോഡിയും ബൈക്ക് നിർത്തിയിരിക്കുന്നു. ആളെ തിരിച്ചറിയാതിരിക്കാൻ ഷാളുകൊണ്ട് കണ്ണൊഴികെ മുഖം മറച്ച് മാറി നിൽക്കുന്ന പെൺകുട്ടിയെ കണ്ടാൽ തന്നെ കള്ള ലക്ഷണം പ്രകടമായിരുന്നു. ഇത്തരം മുഖം മറക്കൽ രീതി പല രഹസ്യസമാഗമത്തിലും കാണാറുണ്ട്.

രാവിലെ ഓഫീസിലേക്കും വൈകുന്നേരം തിരിച്ചും ഉച്ചക്ക് മറ്റാവശ്യത്തിനും ജോലിക്കിടെ പുറത്തിറങ്ങുമ്പോൾ ഇത്തരം നിരവധി കാഴ്ചകൾ കാണാറുണ്ട്. പിടിച്ചിട്ട വാഹനങ്ങൾക്കിടയിലും ഇടവഴിയിലും ബസ്സ്റ്റേഷനിൽ നിന്ന് മാറിയും കേവല സല്ലാപത്തിനപ്പുറത്തേക്ക് നീളുന്ന പ്രവർത്തനത്തിൽ എർപ്പെടുന്ന ജോഡികളിൽ പല പെൺകുട്ടികളും സ്കൂൾ യൂണിഫോമിലാണെന്നത് അതീവ സങ്കടകരമാണ്.

മക്കൾക്ക് മത ധാർമികാധ്യാപനങ്ങൾ ബോധപൂർവം പകർന്നു നൽകുക, അവരിൽ രക്ഷിതാക്കളുടെ ഒരു കണ്ണുണ്ടാവുക എന്നതിൽ കവിഞ്ഞ് എന്താണ് ചെയ്യാൻ കഴിയുക! ●

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം




# പ്രാർഥനയിൽ സംഭവിക്കുന്ന ബിദ്അത്തുകൾ

**പ്രാ**ർഥന ആരാധനയായത് കൊണ്ട്തന്നെ ഒരു വിശ്വാസി പ്രവാചക ചര്യക്ക് അനുസരിച്ചായിരിക്കണം പ്രാർഥിക്കേണ്ടത്. അല്ലാഹുവിനോടുള്ള പ്രാർഥനയല്ലേ എന്ന് പറഞ്ഞുകൊണ്ട് തനിക്ക് തോന്നിയ രൂപത്തിൽ പ്രാർഥിക്കുവാൻ പാടില്ല. സാധാരണ നമ്മുടെ നാട്ടിൽ കണ്ടുവരുന്ന പ്രാർഥനകളിലെ ബിദ്അത്തുകളാണ് ഇവിടെ സൂചിപ്പിക്കുന്നത്:

**പ്രാർഥനക്ക് ശേഷം കൈകൊണ്ട് മുഖം തടവുക**

ഇത് ബിദ്അത്താണ്. പ്രവാചകനിﷺൽ നിന്ന് ഇത് സ്ഥിരപ്പെട്ട് വന്നിട്ടില്ല. അബൂദാവൂദ് ഉദ്ധരിച്ച ഒരു ഹദീഥ് ഈ വിഷയത്തിലുണ്ട്. അതിന്റെ നിവേദകപരമ്പരയിൽ ബലഹീനതയുണ്ട്. അതിനാൽ ഈ ഹദീഥ് ദുർബലമാണെന്ന് നാസിറുദ്ദീൻ അൽബാനി വിശദമാക്കിയിട്ടുണ്ട്.

**രണ്ട് തള്ളവിരലുകളിലും ചുംബിച്ചുകൊണ്ട് കണ്ണുകൾ തടവുക**

സ്ഥിരപ്പെട്ട തെളിവുകളുടെ അഭാവം കൊണ്ട് ഇതും ബിദ്അത്തിൽ പെട്ടതാണ്. ഇത് സംബന്ധിച്ച് വന്നിട്ടുള്ള ഹദീഥുകൾ മുഴുവനും സ്വഹീഹാണെന്ന് സ്ഥിരപ്പെടാത്തതാണ്.

**കൂട്ടമായുള്ള പ്രാർഥന**

നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഇമാം തിരിഞ്ഞിരുന്ന് കൊണ്ട് പ്രാർഥിക്കുകയും മഅ്മൂമുകൾ ആമീൻ പറ

യുകയും ചെയ്യുന്ന കൂട്ടമായുള്ള പ്രാർഥന പ്രവാചകനിൽ നിന്നോ സ്വഹാബികളിൽ നിന്നോ സ്ഥിരപ്പെട്ട് വന്നിട്ടില്ല. അതിനാൽ അത് ബിദ്അത്തിൽ പെട്ടതാണ്.

അത്പോലെ പ്ലേഗും മറ്റു പകർച്ചവ്യാധികളും പിടിപ്പെട്ടാൽ പള്ളികളിൽ ജനങ്ങൾ ഒരുമിച്ച് കൂടി കൂട്ടമായി പ്രാർഥിക്കുന്നതിനും തെളിവുകളില്ല. അത് ബിദ്അത്തിൽ പെട്ടതാണ്. മഹാനായ ഉമർ ﷺവിന്റെ കാലത്ത് പ്ലേഗ് ബാധിച്ചപ്പോൾ പ്രവാചകന്റെ സ്വഹാബികളിലാരും തന്നെ ഇങ്ങനെ ചെയ്തതായി തെളിവില്ല.

പ്രവാചകനിൽ നിന്നും സ്ഥിരപ്പെട്ട് വന്നിട്ടുള്ള കൂട്ടമായിട്ടുള്ള പ്രാർഥനകളുണ്ട്. അവ പ്രാവർത്തികമാക്കുവാൻ നാം താൽപര്യം കാട്ടേണ്ടതുണ്ട്.

**പ്രാർഥനക്കിടയിൽ കൈകൾ നെഞ്ചിലേക്ക് ചേർത്ത് പിടിക്കുക**

പ്രാർഥിക്കുമ്പോൾ പ്രവാചകൻﷺ തന്റെ കൈകൾ ആകാശത്തേക്ക് ഉയർത്തിപ്പിടിക്കുകയായിരുന്നു ചെയ്തിരുന്നത്. അത്കൊണ്ട് തന്നെ തന്റെ നെഞ്ചിലേക്ക് ചേർത്ത് പിടിക്കുന്ന സമ്പ്രദായം പ്രവാചകന്റെ സുന്നത്തിൽ പെട്ടതല്ല.

**അനുവദനീയമല്ലാത്ത തവസ്സുൽ സ്വീകരിക്കുക**

മൂന്ന്തരം തവസ്സുൽ അനുവദനീയമാണ്:

ഒന്ന്) അല്ലാഹുവിന്റെ നാമവിശേഷങ്ങൾ മുൻനിറുത്തി നമുക്ക് അല്ലാഹുവിനോട് പ്രാർഥിക്കാവുന്നതാണ്, ഇങ്ങനെ പ്രാർഥിക്കുന്നത് പ്രാർഥനയുടെ മര്യാദ കൂടിയാണ്.

രണ്ട്) സൽകർമങ്ങൾ മുൻനിറുത്തിക്കൊണ്ട് നമുക്ക് തവസ്സുൽ ചെയ്യാവുന്നതാണ്. ക്വുർആനിൽ നമുക്കിതിന് തെളിവ് കണ്ടെത്താവുന്നതാണ്. നബിﷺ നമ്മെ അറിയിച്ച, ഗുഹയിൽ അകപ്പെട്ട മൂന്ന് ആളുകളുടെ പ്രസിദ്ധമായ കഥ സൽകർമങ്ങൾ മുൻനിറുത്തിക്കൊണ്ട് നമുക്ക് തവസ്സുൽ ചെയ്യാമെന്നാണ് പഠിപ്പിക്കുന്നത്.

മൂന്ന്) ജീവിച്ചിരിക്കുന്ന സത്യവിശ്വാസികളോട് നമുക്ക് വേണ്ടി പ്രാർഥിക്കുവാൻ പറയാവുന്നതാണ്. ഉംറക്ക് പോകുന്നവരോട് പ്രവാചകൻﷺ എനിക്കും നിങ്ങൾ പ്രാർഥിക്കണമെന്ന് പറയാറുണ്ടായിരുന്നു. അത്പോലെ പ്രവാചകൻ ജീവിച്ചിരുന്ന കാലത്ത് സ്വഹാബികൾ അദ്ദേഹത്തെ കൊണ്ട് പ്രാർഥിപ്പിച്ചിരുന്നു.

എന്നാൽ അനുവദനീയമല്ലാത്ത തവസ്സുൽ ജനങ്ങൾക്കിടയിൽ കാണാനാവും. മരിച്ച്പോയ പ്രവാചകന്മാരെയും ഔലിയാക്കളെയും തവസ്സുലാക്കി പ്രാർഥിക്കുന്നത് നിഷിദ്ധമാണ്. അതിന് വിശുദ്ധ ക്വുർആനിലോ പ്രവാചകന്മാരിലോ തെളിവ് കാണുവാൻ സാധ്യമല്ല.

**നബിﷺയുടെ ജാഹ് വസീലയാക്കി പ്രാർഥിക്കുക**

പ്രവാചകന്റെ ജാഹ്(മഹത്ത്വം)മുൻനിറുത്തിയുള്ള പ്രാർഥനക്ക് ഒരു തെളിവും കാണാൻ സാധ്യമല്ല. ഒരുപാട് പ്രവാചകന്മാരുടെ പ്രാർഥനകൾ ക്വുർആൻ പഠിപ്പിക്കുന്നുണ്ട്. ഒരുപ്രാർഥന പോലും ജാഹ് കൊണ്ടുള്ളതായി നമുക്ക് കാണുവാൻ സാധ്യമല്ല. എന്നാൽ ചിലയാളുകൾ തെളിവ് പിടിക്കുന്ന ഒരു ഹദീഥുണ്ട്. അതിനെപ്പറ്റി പണ്ഡിതന്മാർ പറയുന്നത് 'യാതൊരു അടിസ്ഥാനവുമില്ലാത്ത ഹദീഥ്' എന്നാണ്. ആരോ കെട്ടിയുണ്ടാക്കിയതാണ് അത്. അത് കൊണ്ട് തന്നെ പ്രവാചകന്റെ ജാഹ്, ബറകത്ത് എന്നിവകൊണ്ടുള്ള പ്രാർഥന ബിദ്അത്തിൽ പെട്ടതാണ്.

**ദുആ സമ്മേളനങ്ങൾ**

മുഹമ്മദ് നബിﷺയുടെ മുഴുവൻ പ്രാർഥനകളും പരിശോധിക്കുകയാണെങ്കിൽ അവയെല്ലാം അല്ലാഹുവിനോട് മാത്രമായിരുന്നുവെന്ന് മനസ്സിലാക്കുവാൻ സാധിക്കും. തന്റെ ജീവിതാന്ത്യത്തിൽ പോലും നബിﷺ പ്രാർഥിച്ചത് 'അല്ലാഹുവേ, എന്റെ ക്വബ്റിനെ ആരാധിക്കപ്പെടുന്ന ഒരു ബിംബമാക്കല്ലേ' എന്നായിരുന്നു. പ്രവാചകന്റെ അനുചരന്മാരെല്ലാം ജീവിതത്തിലുടനീളം അല്ലാഹുവിനോട് മാത്രമാണ് പ്രാർഥിച്ചത്. നബിﷺയുടെ 23 വർഷത്തെ പ്രവാചകത്വ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള പ്രവർത്തനങ്ങളും വാക്കുകളും മുഴുവൻ നമുക്ക് ഇന്ന് ലഭ്യമാണ്.

നമ്മുടെ നാട്ടിൽ ഇന്ന് കാണപ്പെടുന്ന ഒന്നാണ് വ്യവസായ രൂപത്തിലുള്ള ദുആ സമ്മേളനങ്ങളും സ്വലാത്ത് വാർഷികങ്ങളും. സ്വലാത്തും ദുആകളും നബിﷺയാണ് പഠിപ്പിച്ചത്; 1400ൽപരം വർഷങ്ങൾക്ക് മുമ്പ്. സ്വലാത്തിന്റെ വാർഷികവും ദുആ സമ്മേളനങ്ങളും നബിﷺയുടെ ചര്യയിൽ പെട്ടതാണെങ്കി, അത് പരമ്പരാഗതമായി തുടർന്ന്വരുന്നതാണെങ്കിൽ എത്രാം വാർഷികമായിരിക്കും ഇപ്പോൾ ആഘോഷിക്കുക?

സാമ്പത്തിക ലാഭങ്ങൾക്കായി ചിലർ തട്ടിക്കൂട്ടിയ ഏർപ്പാടുകളാണിത്. ലൈലതുൽ ക്വദ്ർ പ്രതീക്ഷിച്ച് പള്ളികളിൽ പ്രാർഥനയുമായി ഇഅ്തികാഫിൽ കഴിഞ്ഞുകൂടേണ്ട വിശ്വാസികളെ പാടത്തേക്കും പറമ്പിലേക്കും ആട്ടിത്തെളിച്ച് കൊണ്ടുവരുന്ന ഏർപ്പാടിനെ എങ്ങനെ ന്യായീകരിക്കാനാവും? നമ്മുടെ നാട്ടിൽ അടുത്ത കാലത്താണ് ഇതിനെല്ലാം തുടക്കംകുറിച്ചിരിക്കുന്നത്. ഇതിന് മതപ്രമാണങ്ങളിൽ യാതൊരു തെളിവുമില്ല. ഇവർ പിൻപറ്റുന്ന മദ്ഹബുകളുടെ ഗ്രന്ഥങ്ങളിലും തെളിവില്ല. പഠിപ്പിക്കപ്പെട്ട കർമങ്ങൾ ചെയ്യാതെ നൂതനമായവ കെട്ടിയുണ്ടാക്കി അവ ഭയഭക്തിയോടെ കൊണ്ടാടുന്ന ഏർപ്പാടിലെ അപകടം ഇവർ തിരിച്ചറിയാതെ പോകുന്നു! ●

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com

ലേഖനം



# ബറേൽവികളെ പ്രകോപിപ്പിച്ച നടപടികൾ

മക്കയിൽ അധികാരം ലഭിച്ച ഇബ്നുസുഊദ് രാജാവ് നടത്തിയ ശുദ്ധീകരണ പ്രവർത്തനങ്ങളാണ് ബറേൽവി വിഭാഗത്തിനെ ഏറ്റവുമധികം പ്രകോപിതരാക്കിയത്. ദയൂബന്ധികളും മറ്റു പ്രമുഖരും ഇബ്നുസുഊദിന്റെ നടപടിക്രമങ്ങളെ അനിവാര്യമെന്ന് വിശേഷിപ്പിക്കുകയും അതിനെ ന്യായീകരിക്കുകയും ചെയ്തു. മഹാന്മാരുടെയും പുണ്യപുരുഷന്മാരുടെയും പേരിൽ കെട്ടി ഉയർത്തപ്പെട്ടിരുന്ന സകല ജാറങ്ങളും ഇടിച്ചുനിരത്തി. ഇസ്‌ലാമിക മൂല്യങ്ങളിലേക്ക് ഹിജാസിനെ മടക്കിക്കൊണ്ടുപോകാനുള്ള നടപടി ക്രമങ്ങളായി അവർ ഈ സംഭവങ്ങളെ വിശേഷിപ്പിച്ചു. എന്നാൽ ദേഷ്യവും കോപവും അടക്കാൻ കഴിയാത്ത ബറേൽവികൾക്ക് ഏറ്റവും അസഹനീയമായിരുന്നു ഈ നടപടികൾ. ഇബ്നുസുഊദിന്റെ നടപടികളിൽ എന്തെ

ങ്കിലും ഒരു പുതുമയുള്ളതായി മദ്ഹബ് വാദികളായ ദയൂബന്ധികൾക്ക് അനുഭവപ്പെട്ടില്ല. കാരണം പ്രാമാണികമായി ഹനഫി മദ്ഹബിനെ പിന്തുടരുന്നവർക്ക്, ബറേൽവികൾ അനുഷ്ഠിച്ചുവരുന്ന; മരണപ്പെട്ടവരുടെ പേരിലുള്ള ഉത്സവങ്ങൾ, ജാറ-മഖ്ബറകളുടെ നിർമാണം, ചാവടിയന്തരം, ഉറൂസുകൾ, ചന്ദനക്കുടം തുടങ്ങിയ പുതുപുത്തൻ ആചാരങ്ങൾ മതവിരുദ്ധവും നിഷിദ്ധവും ആയിരുന്നു.

ഇക്കാരണങ്ങളാൽ ഹനഫികളായ ദയൂബന്ദികൾക്ക് ബറേൽവികൾക്ക് അനുകൂലമായി പ്രതികരിക്കാൻ സാധിച്ചില്ല. ജാറ-മഖ്ബറകൾ തട്ടിനിരത്തി മുന്നേറുന്ന ഇബ്നുസുഊദിന്റെ നടപടിക്രമങ്ങളെ വിമർശിച്ചുകൊണ്ട് ജംഇയ്യത്തിന്റെ യോഗത്തിൽ പ്രതിഷേധ പ്രമേയം അവതരിപ്പിക്കണമെന്ന ബറേൽവി വിഭാഗത്തിന്റെ നിർദേശത്തിന് അർഹമായ പരിഗണനയും പ്രാതിനിധ്യവും ലഭിക്കാത്തത് ബറേൽവികളെ പ്രകോപിതരാക്കി. ദയൂബന്ധികൾ പ്രമേയത്തിന് അനുമതി നിഷേധിച്ചു. ബ്രിട്ടീഷ് ശിങ്കിടികളായ ശരീഫുമാരെ ഹിജാസിലെ അധികാര പദവികളിൽനിന്നും പുറത്താക്കിയ നടപടിയെയും ദയൂബന്ദികൾ ന്യായീകരിച്ചു. ജാറ സംസ്‌ക്കാരത്തിനനുകൂലമായി പ്രമേയം പാസ്സാക്കാത്തതിൽ പ്രതിഷേധിച്ച് ബറേൽവികൾ ജംഇയ്യത്തുൽ ഉലമായെ ഹിന്ദിനോട് വിടപറഞ്ഞു. തുടർന്ന് ദയൂബന്ദികളുടെ ഗ്രന്ഥങ്ങളിലുള്ള വഹാബി അനുകൂല പരാമർശങ്ങളും നിലപാടുകളും ചികഞ്ഞെടുത്ത് പുറത്തുകൊണ്ടുവരുന്ന തിരിക്കിലായിരുന്നു ബറേൽവികൾ. അതിന്നും അവർ തുടർന്നുകൊണ്ടിരിക്കുന്നു.

രാജ്യം ഒറ്റക്കെട്ടായി മുന്നേറുന്ന എല്ലാ സാഹചര്യങ്ങളിലും ശിയാ-ബറേൽവി-ഖാദിയാനി ഗ്രൂപ്പുകൾ മുഖംതിരിഞ്ഞുനിന്ന നിരവധി സംഭവങ്ങൾ നമുക്ക് കാണാനാകും. ബറേൽവികളുമായുള്ള ബന്ധം ശക്തമായ സാഹചര്യത്തിൽ വിവാദമായ ശരീഅത്ത് പ്രക്ഷോഭ കാലത്ത് കാന്തപുരം അബൂബക്കർ മുസ്‌ലിയാരുടെ നിലപാടും ഇക്കൂട്ടത്തിൽ ചേർത്ത് വായിക്കേണ്ടതാണ്. ബറേൽവി വിരുദ്ധനും ശക്തമായ നിലപാടുകളുമുള്ള ലോകപ്രശസ്ത പണ്ഡിതൻ അല്ലാമാ അബുൽഹസൻ അലി നദ്‌വി(റഹ്) കേരളത്തിലെത്തിയപ്പോൾ ഈ മുസ്‌ലിയാരും കൂട്ടരും കാട്ടിക്കൂട്ടിയ പുകിലുകൾ എല്ലാവരും കണ്ടതാണ്. വഹാബിയായ 'നദ്‌വി'യുമായി വേദിപങ്കിട്ടതിലൂടെ 'ശംസുൽ ഉലമ'യെന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇ.കെ.അബൂബക്കർ മുസ്‌ലിയാർക്കും ആദർശ വ്യതിയാനം സംഭവിച്ചതായി ഈ ബറേൽവി നേതാവ് കണ്ടെത്തി. പക്ഷേ, വഹാബിയെന്ന് താൻ മുദ്രകുത്തുന്ന നദ്‌വിയുടെ കത്തുപയോഗിച്ച് അറബികളിൽ നിന്നും വ്യാപകമായ നിലയിൽ സാമ്പത്തിക സമാഹരണം നടത്താൻ 'ശൈഖുനാക്ക്' അൽപം പോലും ലജ്ജിക്കേണ്ടിവന്നതുമില്ല. ഈ വിവാദങ്ങൾ സമസ്തയെന്ന സംഘടനയെ രണ്ട് തുണ്ടുകളായി വെട്ടിമുറിക്കാൻ കാരണമായി. ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് എന്ന സംഘടനയെ പല തുണ്ടുകളായി വെട്ടിമുറിക്കാൻ കാരണക്കാരനായ രിളാഖാൻ ബറേൽവിയുടെ അതേ പാരമ്പര്യം തന്നെ കേരളത്തിലും പ്രയോഗവത്ക്കരിക്കപ്പെട്ടു.

ശക്തവും ധീരവുമായ നിലപാടുകൾ പ്രകടമാക്കിയതിന്റെ പേരിൽ ബറേൽവികളെ ജംഇയ്യത്തുൽ ഉലമായെ ഹിന്ദിൽ നിന്നും പുറത്തേക്ക് നയിക്കാൻ കാരണക്കാരായ ദയൂബന്ദികൾക്ക് നേരത്തെയുണ്ടായിരുന്ന ആദർശപരമായ ചൂരും ചൂടും ഇന്ന് നിലവിലുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്. ഇബ്നു അബ്ദുൽവഹാബിന്റെ ആദർശധീരതയെ അംഗീകരിക്കുകയും ബറേൽവികളെ തിരസ്‌കരിക്കുകയും അഹ്‌ലുൽ ഹദീഥ് പണ്ഡിതന്മാരുടെ നിലപാടുകളോട് ഉപദ്രവകരമല്ലാത്ത നിലപാടുകൾ സ്വീകരിക്കുന്ന വിഷയത്തിൽ പ്രത്യേക താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തിരുന്ന ദയൂബന്ദികൾ ഇന്ന് ഏറെക്കുറെ ബറേൽവികളുമായി ലയിച്ച് ഇല്ലാതായ മട്ടിലാണ്. ബറേൽവികൾ ഉദരപൂരണത്തിനായി കെട്ടിയിറക്കിയ സ്വപ്നകഥകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ചുവടൊപ്പിച്ച് അവരെ സപ്പോർട്ട് ചെയ്യുന്ന കേരളത്തിലെ ദയൂബന്ദികൾ അദ്യകാലത്തെ ആദർശ ധീരന്മാരായ ദയൂബന്ദി ഉലമാക്കൾക്ക് പേരുദോഷമാണെന്ന് പറയാൻ രണ്ടുതവണ ആലോചിക്കേണ്ട ആവശ്യമില്ല. ബറേൽവികൾ പറഞ്ഞതും പ്രചരിപ്പിച്ചതുമായ വിശ്വാസ ആചാരങ്ങളെ സുന്നത്തു ജമാഅത്തിന്റെ നടുത്തുണ്ടമായി കെട്ടിച്ചുമന്നു നടക്കുന്ന കേരളത്തിലെ അഭിനവ ദയൂബന്ദികൾ ഇന്ന് ബറേൽവികൾക്കും ഗുരുനാഥന്മാരായോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

വിശ്വാസികളെ ആത്മീയമായും സാമ്പത്തികമായും ചൂഷണം ചെയ്യുകയെന്ന ഒറ്റലക്ഷ്യം മാത്രമാണ് ശിയാക്കൾക്കും ബറേൽവികൾക്കുമുള്ളത്. ബറേൽവികളിലെ ഭൂരിപക്ഷവും ഹനഫികളാണ്. എന്നാൽ ഹനഫി മദ്ഹബുമായി യാതൊരു ബന്ധവുമില്ലാത്ത അന്ധകാര നിബിഢമായ വിശ്വാസ ആചാരങ്ങളാണ് ഇവർ പുലർത്തുകയും

പ്രചരിപ്പിക്കുകയും ചെയ്യുന്നത്. ബറേൽവി നേതാക്കളായ അഹ്മദ് രിളാ ഖാന്റെയും ശാലിയാത്തിയുടെയും രചനകൾ ഇവകളാൽ നിറഞ്ഞിരിക്കുന്നു. യാതൊരുവിധ മുതൽമുടക്കുകളുമില്ലാത്ത ജാറങ്ങളാണ് ഇവരുടെ മുഖ്യകേന്ദ്രങ്ങൾ. വിദ്യയും ബുദ്ധിയും നഷ്ടപ്പെട്ട വിവേകരഹിതരായ വിശ്വാസി സമൂഹത്തിന്റെ സമ്പത്ത് പ്രയാസരഹിതമായി കൊള്ളയടിക്കാൻ ഏറ്റവും പറ്റിയ മാർഗമാണ് ജാറങ്ങളും മക്വാമുകളും.

**പാതിരാപ്രസംഗങ്ങളും വ്യാജഫത്‌വകളും ബറേൽവികൾക്ക് മുഖ്യപ്രമാണങ്ങൾ**

വിശുദ്ധ ക്വുർആനിൽനിന്നും നബിﷺയുടെ മഹനീയ ചര്യകളിൽനിന്നും പ്രാമാണികമായി പ്രബുദ്ധരായ അഹ്‌ലുൽ ഹദീഥ്/സലഫി പ്രവർത്തകർ ഇന്ത്യയിലും പുറത്തും ബറേൽവകളുടെ ചതിക്കുഴിയെപ്പറ്റി സമൂഹത്തെ ബോധവൽക്കരണം നടത്തുന്നതിൽ ഇവർ ഏറ്റവും അസ്വസ്ഥരാണ്. തൗഹീദും ശിർക്കും സുന്നത്തും വ്യക്തമാക്കിക്കൊണ്ട് ജനസമൂഹത്തിൽ സലഫികൾ നടത്തുന്ന ആദർശ പ്രചാരണത്തെ ചെറുക്കാൻ എന്ത് ഹീനമായ മാർഗവും സ്വീകരിക്കാൻ മടിയില്ലാത്തവരാണ് ബറേൽവികൾ. പാമരന്മാരുടെ കണ്ണുകൾക്കും ക്വൽബിനും ചിന്താശക്തിക്കും സീലുവെക്കാനാകുമെന്ന വ്യാമോഹത്തിൽ ഇവർ ഒട്ടനവധി ഫത്‌വകളും പടച്ചുവിടാറുണ്ട്.

വഹാബികളുമായി സഹകരിക്കുകയും ബന്ധങ്ങൾ പുലർത്തുകയും ചെയ്യുന്നവർക്കുള്ള 'അതികഠിനമായ' പരലോക ശിക്ഷകളെപ്പറ്റി ഉത്ബോധിപ്പിക്കുന്ന 'പാതിരാ വഅ്ളുകൾ' ഒരു കാലത്ത് ബറേൽവികളുടെ മുഖമുദ്രയായിരുന്നു. വഹാബികളുമായി കൂടിക്കലരരുതെന്നും അവരുടെ ഗ്രന്ഥങ്ങൾ വായിക്കരുതെന്നും അവർ പറയുന്നത് കേൾക്കരുതെന്നും അവരുടെ പള്ളികളിൽ നിസ്കരിക്കരുതെന്നും ഇന്നും ഇവർ അനുയായികളെ ഉപദേശിക്കാറുണ്ടെങ്കിലും അണികൾ ഇതെല്ലാം സ്വീകരിക്കുന്നതിൽ കാര്യമായ ' വീഴ്ച' വരുത്തുന്നുണ്ട്. എട്ടും പൊട്ടും തിരിയാത്ത, മദ്‌റസയിലെ പിഞ്ചു പൈതലുകളുടെ ഇളം മനസ്സുകളിലേക്കും ഈ വഹാബി വിരോധം സന്നിവേശിപ്പിക്കാൻ ബറേൽവികൾ മദ്‌റസാ പാഠപുസ്തകങ്ങളിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അന്ധകാരത്തിൽനിന്നും വെളിച്ചം കിട്ടി പുറത്തുവരുന്ന തലമുറ ബറേൽവികളുടെ മുതൽ മുടക്കില്ലാത്ത 'ബിസിനസ്സുകൾക്ക്' വിലങ്ങുതടിയാകുമെന്ന് ഇവർ കാര്യമായി ഭയപ്പെടുന്നു.

വഹാബികളുടെ ഗ്രന്ഥങ്ങൾ വായിക്കലും അതിൽ നോക്കലും മുസ്‌ലിംകൾക്ക് ഹറാമാണെന്ന് അഹ്മദ് രിളാഖാനും തന്റെ ഫത്‌വയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'ആരെങ്കിലും വഹാബികളുമായി ഇരിക്കുകയോ അവരുമായി കൂടിക്കാഴ്ച നടത്തുകയോ ചെയ്താൽ അവനുമായുള്ള വിവാഹബന്ധം അനുവദനീയമാവുകയില്ല' എന്നത് പോലുള്ള നിലപാടുകളിൽ സന്ദർഭത്തിനും ലാഭത്തിനുമനുസരിച്ച് അഴിച്ചുപണി നടത്താൻ കേരളത്തിലെ ബറേൽവികൾ തയ്യാറാകുന്നുണ്ട്.

ബറേൽവി, ശിയാ ഗ്രൂപ്പുകൾക്കെതിരിൽ ആദർശപരമായ മുന്നേറ്റം നടത്തുന്ന അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരെ ക്രൂരമായി പീഡിപ്പിക്കുകയും അവർക്കെതിരിൽ അപവാദ പ്രചരണങ്ങൾ നടത്തുകയും ചെയ്യുന്ന സ്വഭാവം ഇന്നും ഇവർ ലോകവ്യാപകമായി തുടർന്നുകൊണ്ടിരിക്കുന്നു. ഭരണകൂടങ്ങളുടെ തണൽപറ്റി ഇത്തിൾകണ്ണിയെപ്പോലെ ജീവിക്കുന്ന ശിയാ-ബറേൽവി-ഖാദിയാനികൾ തങ്ങൾക്കുള്ള ഭരണ സ്വാധീനവും അധികാര കേന്ദ്രങ്ങളുമായുള്ള രഹസ്യ ബാന്ധവങ്ങളും ഉപയോഗിച്ച് നിരവധി പണ്ഡിത പ്രമുഖന്മാരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

ആർക്കെതിരിലും എന്ത് കളവ് വേണമെങ്കിലും എവിടെയും എപ്പോഴും പറയാമെന്നതാണ് ഇവരുടെ അടിസ്ഥാന പ്രമാണം തന്നെ. കല്ലുവെച്ച നുണകൾ മെനഞ്ഞുണ്ടാക്കി, ശാന്തിയുടെയും സമാധാനത്തിന്റെയും മാർഗത്തിൽ ആദർശ പ്രചാരണം നടത്തിവരുന്ന എണ്ണമറ്റ നേതാക്കളെയും പ്രബോധകന്മാരെയും ഇവർ തടവറകളിൽ എത്തിച്ചിട്ടുണ്ട്. അഹ്‌ലുസ്സുന്നയുടെ ന്യൂനപക്ഷ കേന്ദ്രങ്ങളായ ഇറാൻ-ഇറാക്ക്-സിറിയ തുടങ്ങിയ രാജ്യങ്ങളിൽ ദുരൂഹ സാഹചര്യത്തിൽ വധിക്കപ്പെടുകയും കാണാതാവുകയും ചെയ്യുന്ന പണ്ഡിതന്മാരുടെ എണ്ണം ഓരോ വർഷവും വർധിച്ചുവരുന്ന സാഹചര്യമാണ്.

'രാഷ്ട്രീയ ഇസ്‌ലാമി'കൾ ഭൂമുഖത്തെ ഏക ഇസ്‌ലാമിക രാഷ്ട്രമെന്ന് വിശേഷിപ്പിക്കുന്ന ഇറാനിന്റെ അവസ്ഥയാണ് ഈ വിഷയത്തിൽ ഏറ്റവും പരിതാപകരം. അഹ്‌ലുസ്സുന്നയുടെ നേതാക്കളെ ക്രൂരമായി മർദിക്കുകയും രാജ്യദ്രോഹം ആരോപിച്ച് കഴുമരത്തിൽ കയറ്റുകയും ചെയ്യുന്ന നിർദാക്ഷിണ്യ നടപടികൾ ഇടതടവില്ലാതെ തുടരുന്നതിന്നാണ് ഇവർ 'ഇസ്‌ലാമിക് റിപ്പബ്ലിക്' എന്ന് നാമകരണം ചെയ്തിട്ടുള്ളത്. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



ഈസാ നബി(عليه السلام): 5



# മനുഷ്യർ ജന്മനാ പാപികളോ?

'നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ദൃഷ്ടാന്തവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്' എന്നാണ് ഈസാ നബി(عليه السلام) ജനങ്ങളോട് പറഞ്ഞത്. പ്രസ്തുത ദൃഷ്ടാന്തങ്ങൾ അദ്ദേഹത്തിന്റെ കൈകളിലൂടെ വെളിപ്പെടുമെങ്കിലും അവയുടെ യഥാർഥ കർത്താവ് അല്ലാഹുവാണ് എന്നാണ് ഇത് അറിയിക്കുന്നത്. പിന്നീട്, ദൃഷ്ടാന്തങ്ങളെ എണ്ണിപ്പറഞ്ഞപ്പോൾ അതെല്ലാം ഞാൻ ചെയ്യുന്നത് അല്ലാഹുവിന്റെ 'അനുവാദ പ്രകാരം' (ബി ഇദ്നില്ലാഹി) ആകുന്നുവെന്ന് അദ്ദേഹം ആവർത്തിച്ചു പറയുകയും ചെയ്തത് ശ്രദ്ധിക്കുക.

ഈ യാഥാർഥ്യം മനസ്സിലാക്കാത്തതിനാൽ പ്രവാചകന്മാരും അല്ലാത്തവരുമായ പല മഹാന്മാർക്കും ചിലർ ദിവ്യത്വം കൽപിക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ആ മഹാത്മാക്കൾ ഉദ്ദേശിക്കുമ്പോഴൊക്കെ അവർക്ക് പല അസാധാരണ സംഭവങ്ങളും വെളിപ്പെടുത്തുവാനും ചില മറഞ്ഞകാര്യങ്ങൾ അറിയുവാനും കഴിയുമെന്നും അവർ ധരിച്ചു വശായിരിക്കുന്നു. ഈ ധാരണ നിമിത്തം മുസ്‌ലിം സമുദായത്തിൽ ശിർക്കു പരമായ എത്രയോ അന്ധവിശ്വാസങ്ങൾ കടന്നുകൂടിയിരിക്കുകയാണ്.

ഈസാ നബി ﷺ യിലൂടെ പ്രകടമായ ദൃഷ്ടാന്തങ്ങൾ ക്വുർആൻ വിവരിച്ചതിനെ ദുർവ്യാഖ്യാനിച്ച് ക്രൈസ്തവർ ക്വുർആനിൽ തന്നെ ഈസാ നബി ﷺ യുടെ ദിവ്യത്വത്തിന് തെളിവുണ്ടെന്ന് തെറ്റുധരിപ്പിക്കാൻ ശ്രമിക്കാറുണ്ട്. ഈസാ നബി ﷺ തന്നെ തന്നിലൂടെ വെളിപ്പെടുന്ന ദൃഷ്ടാന്തങ്ങൾ അല്ലാഹുവാണ് ചെയ്യുന്നത് എന്ന് പറഞ്ഞതിനെ മറച്ചുവെക്കുകയാണ് ഇവർ ചെയ്യുന്നത്. മാത്രവുമല്ല ഞാൻ ഇതെല്ലാം ചെയ്യുന്നത് അല്ലാഹുവിന്റെ അനുവാദത്തോടെയാണ് എന്ന് ഈസാ ﷺ തന്നെ ആവർത്തിച്ച് പറഞ്ഞതും ശ്രദ്ധേയമാണ്. സൃഷ്ടിക്കുക, രോഗം സുഖപ്പെടുത്തുക, മരിച്ചവരെ ജീവിപ്പിക്കുക, മറഞ്ഞ കാര്യങ്ങൾ അറിയുക തുടങ്ങിയ അല്ലാഹുവിന്റെ മാത്രം അധികാരത്തിൽ പെട്ട കാര്യങ്ങൾ ഒരു നിമിഷത്തേക്ക് പോലും അല്ലാഹു സൃഷ്ടികളിൽ ഒരാൾക്കും വിട്ടുകൊടുക്കുകയില്ല. അല്ലാഹു ക്വുർആനിലൂടെ നടത്തുന്ന ഒരു വെല്ലുവിളി ഏറെ ശ്രദ്ധേയമാണ്:

"ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടികളാകുന്നു. എന്നാൽ അവന്നു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അല്ല, അക്രമകാരികൾ വ്യക്തമായ വഴികേടിലാകുന്നു"(31:11).

"അല്ലാഹുവിന് പുറമെ നിങ്ങൾ ആരെയൊക്കെ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്" (16:20).

ഈ രണ്ട് സൂക്തങ്ങളും അല്ലാഹുവല്ലാത്ത ആർക്കും യാതൊന്നും സൃഷ്ടിക്കാൻ കഴിയില്ല എന്ന് വ്യക്തമാക്കുന്നു. അപ്പോൾ ഈസാ നബി ﷺ പക്ഷിയെ ഉണ്ടാക്കി എന്ന് പറഞ്ഞതിന്റെ സാരം ഈസാ ﷺ അല്ല അതിന്റെ യഥാർഥ കർത്താവ് എന്നാണെന്ന് വ്യക്തം.

വവ്വാൽ എന്ന ജീവി ഈസാ നബി ﷺ പടച്ചതാണെന്ന് വിശ്വസിക്കുന്ന ചിലർ ഉണ്ട്. ആ വിശ്വാസം ശിർക്കാണ്. സൃഷ്ടിക്കാനുള്ള കഴിവ് അല്ലാഹുവിന് മാത്രമേയുള്ളൂ. അല്ലാഹുവല്ലാതെ, ഒരു സൃഷ്ടിയും യാതൊന്നും പടച്ചിട്ടില്ല. ഈസാ നബി ﷺ ഉണ്ടാക്കിയ പക്ഷി വവ്വാലായിരുന്നു എന്നതിന് വിശ്വാസയോഗ്യമായ യാതൊരു പ്രമാണവുമില്ല.

അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്ന പല കക്ഷികളും ഈ സംഭവം അവരുടെ വിതണ്ഡ വാദത്തിന് രേഖയാക്കാറുണ്ട്. എന്നാൽ ഈ സൂക്തങ്ങൾക്ക് വ്യാഖ്യാനം നൽകിയ പണ്ഡിതന്മാർ ആവർത്തിച്ചു പറഞ്ഞ ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്.

ഇമാം റാസി ؒ പറയുന്നു: "നിശ്ചയമായും ഈസാ ﷺ ഈ ഉപാധി (അല്ലാഹുവിന്റെ അനുവാദപ്രകാരം എന്നത്) പറഞ്ഞത് അവ്യക്തത നീക്കുന്നതിനും ഞാൻ ഈ രൂപം ഉണ്ടാക്കുകയാണ് എന്ന് ഉണർത്തുന്നതിനും വേണ്ടിയാകുന്നു. എന്നാൽ ജീവൻ സൃഷ്ടിക്കുക എന്നത് അല്ലാഹുവിൽ നിന്ന് മാത്രമുള്ളതാകുന്നു. (അത്) പ്രവാചകന്മാരുടെ കൈകളിലൂടെ മുഅ്ജിസത്തുകൾ പ്രകടമാകുന്നതിന്റെ മാർഗമാകുന്നു" (തഫ്സീറുൽ കബീർ).

തഫ്സീറുൽ ക്വുർത്വുബിയിൽ ഇപ്രകാരം കാണാം: "മണ്ണ് ശരിപ്പെടുത്തലും (അതിലേക്ക്) ഊതലും ഈസാ ﷺ യിൽ നിന്നും സൃഷ്ടിപ്പ് നൽകൽ അല്ലാഹുവിൽ നിന്നുമായിരുന്നു. ജിബ്‌രീലിൽ നിന്ന് ഊതലും (ഈസാ നബി ﷺ യുടെ സൃഷ്ടിയുടെ മുന്നോടിയായി മർയമിൽ ജിബ്‌രീൽ ﷺ ആണല്ലോ ഊതിയത്) അല്ലാഹുവിൽ നിന്ന് സൃഷ്ടിപ്പും ഉണ്ടായത് പോലെ."

തഫ്സീറുൽ ബൈദ്വാവിയിൽ ഇപ്രകാരം കാണാം: "അപ്പോൾ അല്ലാഹുവിന്റെ അനുവാദ പ്രകാരം പക്ഷിയായി. (അതായത്) അല്ലാഹുവിന്റെ കൽപന പ്രകാരം അത് ജീവനുള്ള ഒരു പക്ഷിയായി മാറി. അതിന് ജീവൻ നൽകൽ അല്ലാഹുവിൽ നിന്നാണെന്നും അദ്ദേഹത്തിൽ (ഈസായിൽ) നിന്നല്ലെന്നും അത് കൊണ്ട് അദ്ദേഹം അറിയിക്കുന്നു."

അല്ലാഹുവിന്റെ അനുവാദ പ്രകാരം എന്നത് ആവർത്തിച്ചത് (ഈസാ ﷺ യിൽ) ദിവ്യത്വം ഉണ്ടെന്ന ഊഹത്തെ പ്രതിരോധിക്കുന്നതിന് വേണ്ടിയാകുന്നു. തീർച്ചയായും ജീവൻ നൽകൽ മനുഷ്യന്റെ പ്രവർത്തനങ്ങളിൽ പെട്ടതല്ല.

മുകളിൽ കൊടുത്തിട്ടുള്ള ഓരോ ഉദ്ധരണിയും ഈസാ നബി ﷺ യിൽ സാധാരണ മനുഷ്യന്റെ കഴിവിന് അപ്പുറമുള്ള യാതൊരു കഴിവും ഇല്ലെന്ന് വ്യക്തമാക്കുന്നതാണ്.

അല്ലാഹു ഓരോ പടപ്പിനും അതാതിന്റെ പ്രകൃതം നൽകിയിട്ടുണ്ട്. അത് പ്രകാരം സൃഷ്ടികൾ പ്രപഞ്ചത്തിൽ ജീവിക്കുന്നു. ആ പ്രകൃതിക്ക് അപ്പുറം ഒരു സൃഷ്ടിക്കും ഒന്നും ചെയ്യാൻ സാധിക്കില്ല.

ഇവിടെ ഈസാനബി ﷺ യിലൂടെ അല്ലാഹു പ്രകടമാക്കിയ അത്ഭുതങ്ങളെ പറ്റി പറഞ്ഞപ്പോഴാണ് അല്ലാഹുവിന്റെ കൽപന പ്രകാരം എന്ന് ചേർത്തി പറഞ്ഞത്. ആ കാര്യങ്ങളാകട്ടെ, അല്ലാഹുവിന് മാത്രം ചെയ്യാൻ കഴിയുന്നതുമാണ്. എന്നാൽ മനുഷ്യപ്രകൃതി കൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ അല്ലാഹു

നിശ്ചയിച്ചിട്ടുണ്ട്. ആ പ്രകൃതിക്കനുസരിച്ച് പ്രവർത്തിക്കുന്നതിനും അല്ലാഹുവിന്റെ അനുവാദം വേണം. അല്ലാഹുവിന്റെ അനുവാദം കൂടാതെ ഇവിടെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ല. നാം നടക്കുന്നു, ഓടുന്നു, ചാടുന്നു, പിടിക്കുന്നു... ഇങ്ങനെ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നു. ഇപ്രകാരം മനുഷ്യന് സാധാരണ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പ്രവാചകത്വത്തിന് തെളിവായി അല്ലാഹുവിന്റെ അനുവാദം കൂടാതെ എന്ന ഉപാധിയോടെ പറയുന്നതിൽ അത്ഭുതമില്ലല്ലോ. അതിനാലാണ് സൃഷ്ടികളുടെ കരങ്ങളാൽ നടന്നുവരാത്തതും അല്ലാഹുവിന് മാത്രം ചെയ്യാൻ കഴിയുന്നതുമായ കാര്യങ്ങൾ ഈസാﷺയിലൂടെ പ്രകടമായതിനെ സംബന്ധിച്ച് 'ബി ഇദ്നില്ലാഹി' (അല്ലാഹുവിന്റെ അനുവാദ പ്രകാരം) എന്ന് പറഞ്ഞത്.

ഈസാ നബിﷺ ജനങ്ങൾ ഭക്ഷണം കഴിച്ചതിനെ പറ്റിയും വീട്ടിൽ സൂക്ഷിച്ചു വെച്ചതിനെ പറ്റിയും പറയുന്നത് എങ്ങനെയാണ്? ഇതും പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്.

"എന്നാൽ അദ്ദേഹം ഒരു ഉപകരണത്തിന്റെയും സഹായമില്ലാതെയും നേരത്തെ ചോദിച്ചറിയാതെയും അദൃശ്യമായതിനെ പറ്റി പറയുന്നത് അല്ലാഹുവിൽ നിന്നുള്ള വഹ്യ് (ദിവ്യബോധനം) കൊണ്ടല്ലാതെയല്ല" (തഫ്സീറുൽ കബീർ).

അല്ലാഹു 'എന്റെ അനുവാദ പ്രകാരം' (ബി ഇദ്നീ) എന്ന് നാല് സ്ഥലങ്ങളിൽ ആവർത്തിച്ചത് ജനങ്ങൾ സത്യത്തെ സത്യസന്ധമായി മനസ്സിലാക്കുന്നതിന് വേണ്ടിയാണ്. ആ അത്ഭുത സംഭവങ്ങൾ ഈസാﷺയുടെ ഭാഗത്ത് നിന്നല്ല, മറിച്ച് അത് അല്ലാഹുവിൽ നിന്നാകുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കരങ്ങളിലൂടെ അദ്ദേഹത്തിനുള്ള മുഅ്ജിസത്തായി പ്രകടിപ്പിക്കുകയാണ് ചെയ്തത്" (തഫ്സീർ അബിസ്സുഊദ്).

ഈ അത്ഭുത സംഭവങ്ങൾ ഈസാﷺ സ്വന്തം കഴിവിനാൽ ചെയ്യുന്നതല്ലെന്നും അല്ലാഹുവിങ്കൽ നിന്നുള്ള ബോധനത്തിന്റെ അടിസ്ഥാനത്തിലും മുഅ്ജിസത്തായുമാണ് അവ സംഭവിച്ചതെന്നുമാണ് പണ്ഡിതന്മാർ വിവരിക്കുന്നത്.

**ഈസാ നബിﷺയുടെ പേരിലുള്ള ചില കളവുകൾ**

ഈസാ നബിﷺയുടെ പേരിൽ പിൽകാലക്കാർ ധാരാളം കളവുകൾ കെട്ടിച്ചമച്ചിട്ടുണ്ട്. അത്തരം കളവുകളെ തങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമായി കൊണ്ടുനടക്കുന്ന ധാരാളം പേരെ ലോകത്ത് നമുക്ക് കാണുവാൻ സാധിക്കും.

നമ്മുടെ നാട്ടിലെ കലണ്ടറുകളിൽ 'ദുഃഖവെള്ളി' എന്ന് ഏപ്രിൽ 14ന് തൊട്ടുമുമ്പുള്ള വെള്ളിയാഴ്ചയുടെ കള്ളിയിൽ രേഖപ്പെടുത്തിയത് നമുക്ക് കാണാൻ കഴിയും. പാശ്ചാത്യരാജ്യങ്ങളിൽ ഈ ദിവസത്തെ 'ഗുഡ് ഫ്രൈഡേ' എന്നും പോളണ്ട് സഭ, യവന സഭ, സുറിയാനി സഭ തുടങ്ങിയ ഓർത്തഡോക്സ് സഭകൾ 'വലിയ വെള്ളിയാഴ്ച' അഥവാ 'ഗ്രേറ്റ് ഫ്രൈഡേ' എന്നും വിളിക്കുന്നു. കേരളത്തിലെ സുറിയാനി സഭകൾ 'ഹാശാ വെള്ളി' (കഷ്ടാനുഭവങ്ങളുടെ വെള്ളിയാഴ്ച) എന്നും വിളിക്കുന്നു.

ഈ വെള്ളിയാഴ്ചയുടെ മുമ്പുള്ള വ്യാഴം 'പെസഹ വ്യാഴം' എന്ന പേരിലും ആചരിക്കപ്പെടുന്നു. അന്നാണ് യേശു അന്ത്യ അത്താഴം കഴിച്ചത് എന്നാണ് അവരുടെ വിശ്വാസം. അന്ത്യ അത്താഴത്തിന് ശേഷമുള്ള വെള്ളിയാഴ്ച യേശു കുരിശിലേറ്റപ്പെട്ടെന്നും അങ്ങനെ അദ്ദേഹം മരിച്ചു എന്നും മൂന്നാംനാൾ ശവക്കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നും അവർ വിശ്വസിക്കുന്നു.

ഓരോരുത്തർക്കും ഈ ലോകത്ത് അവരവരുടെ വിശ്വാസം അനുസരിച്ച് ജീവിക്കുവാനുള്ള സ്വാതന്ത്ര്യം അല്ലാഹു തന്നെ നൽകിയിട്ടുണ്ട്. പക്ഷേ, സത്യം എന്ത് എന്ന് അന്വേഷിച്ചറിയുവാനുള്ള ബാധ്യത മനുഷ്യർക്കുണ്ട്. അറിവുള്ളവരുടെ മേൽ അറിയിച്ചുകൊടുക്കാനുള്ള ബാധ്യതയുമുണ്ട്.

ഈസാ നബിﷺയെ സംബന്ധിച്ചുള്ള ഈ വിശ്വാസത്തെ ഗുരുതരമായ പാപമായി ക്വുർആൻ നിരവധി സ്ഥലങ്ങളിൽ ഉണർത്തിയിട്ടുണ്ട്.

ഒരേ വെള്ളിയാഴ്ചക്ക് തന്നെ 'ദുഃഖവെള്ളി' എന്നും 'ഗുഡ് ഫ്രൈഡേ' എ

**പാപഭാരം ഏറ്റുവാങ്ങി 'ദൈവപുത്രൻ' കുരിശിലേറി എന്ന വിശ്വാസം എങ്ങനെ മനുഷ്യബുദ്ധി അംഗീകരിക്കും? താനോ മറ്റു മനുഷ്യരോ ചെയ്യാത്ത പാപത്തിന് അതിദയനീയമായ അന്ത്യം ഏറ്റുവാങ്ങുന്ന ദൈവപുത്രന്റെ അവസ്ഥ വിചിത്രമല്ലേ? മാത്രവുമല്ല, അങ്ങനെ മുഴുവൻ മനുഷ്യരുടെയും പാപഭാരം വഹിച്ചെങ്കിൽ ഇവിടെ പാപികൾ ഉണ്ടായിക്കൂടല്ലോ. മനുഷ്യരിൽ ഇന്ന് ഒളിഞ്ഞും തെളിഞ്ഞും സ്വന്തത്തെയും മറ്റുള്ളവരെയും ദ്രോഹിക്കുന്നവർ എത്രയാണ്! പിന്നെ എന്തിന് ദൈവപുത്രൻ കുരിശിലേറി?**

ന്നും പേര് വരാനുള്ള കാരണം എന്താണ്? ദുഃഖവെള്ളി എന്ന് ആ ദിവസത്തിന് പേര് വിളിക്കുന്നവർ ഗുഡ് ഫ്രൈഡേ എന്ന വിളിയെ അംഗീകരിക്കുന്നവർ തന്നെയാണ്. അതിന് അവർ പല ന്യായങ്ങളും നിരത്തുന്നുമുണ്ട്. ആ ന്യായീകരണത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. അത് ഇപ്രകാരമാണ്: 'ആദം വിലക്കപ്പെട്ട ആപ്പിൾ സ്ത്രീയുടെ പ്രലോഭനത്തിന് വഴങ്ങി തിന്നുപോയി. അങ്ങനെ ആദം പാപിയായി. ആദിപാപം കാരണമായി മുഴുവൻ മനുഷ്യരും ജന്മനാ പാപികളായി. അവരെ അതിൽ നിന്ന് മോചിപ്പിക്കാൻ ദൈവം തന്നെ മനുഷ്യരൂപത്തിൽ അവതരിച്ച് കുരിശിലേറി പാപങ്ങളിൽ നിന്ന് സകല മനുഷ്യർക്കും മോചനം നൽകിയതിനാൽ അത് 'ഗുഡ്' അഥവാ 'നല്ലത്' ആയി. കുരിശിലേറിയത് ദുഃഖവുമായി!'

ആദം(ﷺ) സ്വർഗത്തിൽ വെച്ച് ആ പഴം കഴിച്ചത് ഹവ്വായുടെ പ്രലോഭനത്താൽ ആയിരുന്നു എന്ന് ക്വുർആൻ പഠിപ്പിക്കുന്നില്ല. അങ്ങനെ ആദം പാപിയായെന്നും അതു കാരണത്താൽ മനുഷ്യൻ ജനിക്കുമ്പോൾ തന്നെ പാപിയാണ് എന്നതും ക്വുർആൻ അംഗീകരിച്ചിട്ടില്ലാത്ത വാദമാണ്. അതുപോലെ ദൈവം മനുഷ്യരൂപത്തിൽ അവതരിച്ച് അങ്ങേയറ്റത്തെ ത്യാഗം സഹിച്ച് കുരിശിലേറിയതിനാൽ മനുഷ്യർക്ക് മോചനം ലഭിച്ചു എന്നതും അല്ലാഹു നമുക്ക് പഠിപ്പിച്ചു തരാത്ത കാര്യമാണ്. തീർത്തും അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായ വാദങ്ങളാകുന്നു ഇതെല്ലാം. ഈ കാര്യങ്ങളിൽ ഇസ്‌ലാമിക പ്രമാണങ്ങൾ എന്താണ് പറയുന്നത്? മനുഷ്യൻ ജന്മനാ പാപിയാണോ?

അബൂഹുറയ്‌റ(رضي الله عنه)യിൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: "എല്ലാ കുഞ്ഞും ജനിക്കുന്നത് ശുദ്ധപ്രകൃതിയിലാണ്. അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനും ക്രിസ്ത്യാനിയും അഗ്നിയാരാധകനുമാക്കുന്നത്" (ബുഖാരി).

ശരിയായ രൂപത്തിൽ ഹജ്ജും ഉംറയും നിർവഹിക്കുന്നവനെ സംബന്ധിച്ച് നബി(ﷺ) പറഞ്ഞത് അവൻ നവജാത ശിശുവിനെ പോലെയാണ് എന്നാണ്. പാപക്കറ പുരളാത്ത ശുദ്ധനാണ് എന്നർഥം. എന്നാൽ ഓരോരുത്തരും പാപികളാകുന്നത് തങ്ങളുടെ കർമങ്ങളുടെ ഫലമായി മാത്രമാകുന്നു.

ബൈബിളിൽ തന്നെയും യേശു പറഞ്ഞു എന്ന് പറയുന്നതായി ഇപ്രകാരം കാണാം: "പാപരഹിതരായി കുട്ടികളെപ്പോലെയാവുക നിങ്ങൾ." ജന്മപാപ സിദ്ധാന്തത്തിന് ബൈബിൾ തന്നെ എതിരാകുന്നതാണ് ഇതിലൂടെ നാം കാണുന്നത്. പല വിധത്തിലുള്ള മാറ്റത്തിരുത്തലുകൾക്കും വെട്ടിമാറ്റലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ബൈബിൾ വിധേയമായിട്ടുണ്ടെങ്കിലും അതിൽ അങ്ങിങ്ങായി ചില സത്യങ്ങൾ ഒളിഞ്ഞു കിടക്കുന്നുണ്ടെന്ന് കാണാനാവും.

**പാപ ഭാരം ഏറ്റെടുക്കുകയോ?**

ഒരാൾ ചെയ്ത തെറ്റിനുള്ള ശിക്ഷ അയാൾ വഹിക്കുക തന്നെ ചെയ്യും. ഒരാളുടെ തെറ്റും മറ്റൊരാൾക്ക് ഏറ്റെടുക്കാൻ കഴിയില്ല. ക്വുർആൻ പറയുന്നത് കാണുക:

"അതല്ല, മൂസായുടെ പത്രികകളിൽ ഉള്ളതിനെ പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ? (കടമകൾ) നിറവേറ്റിയ ഇബ്‌റാഹീമിന്റെയും (പത്രികകളിൽ). അതായത് പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും മനുഷ്യന്ന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നും അവന്റെ പ്രയത്ന ഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യം. പിന്നീട് അവന് അതിന് ഏറ്റവും പൂർണമായ പ്രതിഫലം നൽകപ്പെടുന്നതാണെന്നും" (53:36-41).

ആരും ആരുടെയും പാപഭാരം വഹിക്കില്ലെന്നും ഓരോരുത്തർക്കും അവനവന്റെ ചെയ്തിക്കുള്ള പ്രതിഫലമാണ് ലഭിക്കുക എന്നുമാണ് എല്ലാ നബിമാരും പഠിപ്പിച്ചത്.

പാപഭാരം ഏറ്റുവാങ്ങി ദൈവപുത്രൻ കുരിശിലേറി എന്ന വിശ്വാസം എങ്ങനെ മനുഷ്യബുദ്ധി അംഗീകരിക്കും? താനോ മറ്റു മനുഷ്യരോ ചെയ്യാത്ത പാപത്തിന് അതിദയനീയമായ അന്ത്യം ഏറ്റുവാങ്ങുന്ന ദൈവപുത്രന്റെ അവസ്ഥ വിചിത്രമല്ലേ? മാത്രവുമല്ല, അങ്ങനെ മുഴുവൻ മനുഷ്യരുടെയും പാപഭാരം വഹിച്ചെങ്കിൽ ഇവിടെ പാപികൾ ഉണ്ടായിക്കൂടല്ലോ. മനുഷ്യരിൽ ഇന്ന് ഒളിഞ്ഞും തെളിഞ്ഞും സ്വന്തത്തെയും മറ്റുള്ളവരെയും ദ്രോഹിക്കുന്നവർ എത്രയാണ്! പിന്നെ എന്തിന് ദൈവപുത്രൻ കുരിശിലേറി?

അതുപോലെ ആദം(ﷺ) സ്വർഗത്തിൽ വെച്ച് പഴം കഴിക്കാൻ കാരണം സ്ത്രീയാണെന്ന് പറഞ്ഞ് ബൈബിളിൽ പലേടത്തും സ്ത്രീകളെ ആക്ഷേപിക്കുന്നതായി കാണാം.

ജൂതന്മാരും ക്രിസ്ത്യാനികളും യേശു കുരിശിലേറി എന്നാണ് വിശ്വസിക്കുന്നത്. ജൂതന്മാർ പറയുന്നത് യേശു ജാരസന്തതിയാണെന്നും ആഭിചാരക്കാര

നാണെന്നും അവന് ഞങ്ങൾ അർഹതപ്പെട്ട മരണം നൽകി എന്നുമാണ്. എന്നാൽ ക്രൈസ്തവർ പറയുന്നത് യേശു വിശുദ്ധനാണ്, എല്ലാവരുടെയും പാപഭാരം ഏറ്റെടുത്ത് അദ്ദേഹം കുരുശിലേറി എന്നാണ്. ഇരു കൂട്ടരും അദ്ദേഹം കുരിശിലേറ്റപ്പെടുകയും അങ്ങനെ മരണംവരിക്കുകയും ചെയ്തു എന്ന ആശയത്തിൽ യോജിക്കുന്നവരാണ്. ക്വുർആൻ ഇരു കൂട്ടരുടെയും ഈ വിശ്വാസത്തെ ശക്തിയായി എതിർക്കുന്നു.

യേശു കുരിശിലേറിയതിനെ മഹത്തായ കാര്യമായിട്ടാണ് ക്രൈസ്തവർ പരിഗണിക്കുന്നത്. കുരിശുമരണ ചരിത്രം പറയുന്നത് യേശുവിനെ കുരിശിൽ തറക്കാൻ യൂദാസ് ഒറ്റുകൊടുത്തു എന്നാണ്. കുരിശു മരണം നല്ല ഒരു കാര്യമാണെങ്കിൽ യേശുവിനെ ഒറ്റുകൊടുത്ത യൂദാസ് നല്ല കാര്യമല്ലേ ചെയ്തത്? പിന്നെ, എന്തിന് ഇവർ യൂദാസിനെ കുറ്റപ്പെടുത്തുന്നു? സർവരെയും സ്വർഗസ്ഥരാക്കുവാൻ പാപം ഏറ്റെടുത്ത് കുരിശിലേറാൻ വന്നയാളെ കാണിച്ചു കൊടുത്തത് ഒരു നല്ല കാര്യമായി കണ്ട് യൂദാസിനെ വിശുദ്ധനായി പ്രഖ്യാപിക്കേണ്ടതിന് പകരം അയാളെ ഒറ്റുകാരനാണെന്നു പറഞ്ഞ് ആക്ഷേപിക്കുന്നതെന്തിന്? വേഷം മാറി നടന്ന യേശുവിനെ കാണിച്ചു കൊടുത്തുകൊണ്ട് 'മാനവരാശിയെ പാപത്തിൽ നിന്ന് രക്ഷിക്കാൻ' കൂട്ടുനിന്ന യൂദാസ് എങ്ങനെ പാപിയാകും? എന്തിന് അയാളെ സഭകൾ ശപിക്കണം?

(തുടരും)

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഹൃദയ വസന്തം**
സൂറ: ത്വൂർ 07-10
ശുറൈഹ് സലഫി
01.04.19 തിങ്കൾ 07:45 PM

**പ്രകാശതീരം**
വിവാഹം: വിധിയും വിവക്ഷയും, ഭാഗം: 46
സ്നേഹം പ്രകടിപ്പിക്കുക
മുഹമ്മദ് സ്വാദിഖ് മദീനി
01.04.19 തിങ്കൾ 9:00 PM, 03.04.19 ബുധൻ 9:35 AM

**അന്നൂർ**
അതുല്യമായ അല്ലാഹുവിന്റെ നാമങ്ങൾ
അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി
01.04.19 തിങ്കൾ 10:00 PM, 02.04.19 ചൊവ്വ 10:00 PM

**നേർരേഖ**
ജീവിതം വിശ്രമിക്കാനുള്ളതല്ല
ഹാരിസ് ബിൻ സലീം
02.04.19 ചൊവ്വ 09:45 PM

**ഹൃദയ വസന്തം**
സൂറ: മുഹമ്മദ് 8
അനസ് സ്വലാഹി
02.04.19 ചൊവ്വ 07:45 PM

**അടിത്തറകൾ**
പ്രവാചകന്മാർ എന്തിന്?
ഫദ്‌ലുൽ ഹഖ് ഉമരി
02.04.19 ചൊവ്വ 09:00 PM, 04.04.19 വ്യാഴം 09:35 AM

**നേർരേഖ**
നിനക്കുള്ളത്...
ഹാരിസ് ബിൻ സലീം
02.04.19 ചൊവ്വ 09:45 PM

**ഹൃദയ വസന്തം**
സൂറ: ഖലം 7-13
മുസ്തഫ മദനി
03.04.19 ബുധൻ 7:45 PM

**അൽ ഉസൂൽ**
ഹദീസ് തേടിയുള്ള യാത്രകൾ, ഭാഗം: 1
അബ്ദുൽ മാലിക് സലഫി
06.04.19 ശനി 09:00 PM

**ഇലൽ അറബിയ്യ**
അറബി ഭാഷാ പഠനം, ഭാഗം: 29
ചോദ്യ പദങ്ങൾ, പ്രയോഗങ്ങൾ, മറുപടികൾ
ഹുസൈൻ പാലക്കോടൻ
07.04.19 ഞായർ 9:00 PM, 09.04.19 ചൊവ്വ 9:35 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

കവിത



# കുടിനീർ

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ജലാശയങ്ങൾ വറ്റിവരണ്ടു
കുടിനീരിന്നായ് നെട്ടോട്ടം
കലാപമുണ്ടാക്കിടുമോ നാട്ടിൽ
നീരിൻ പേരിൽ ആൾക്കൂട്ടം?
പ്രളയക്കാലം വെള്ളത്താലെ
കഷ്ടതയേറെ സഹിച്ചല്ലോ
പുളയുന്നിന്ന് പൊള്ളും ചൂടിൽ
ഉള്ളിൽ ഭീതി നിറഞ്ഞല്ലോ
കുന്നും മലയും കാടും നമ്മൾ
ഇല്ലാതാക്കാൻ തുനിയുന്നു
അന്നം നൽകും പാടം തൂർത്ത്
കെട്ടിടവും പണി തീർക്കുന്നു
കരയില്ലല്ലോ പുഴയിലെ വെള്ളം
നേരെ കടലിൽ ചേരുന്നു
കരയും നമ്മൾ പുഴയെ നോക്കി
വറ്റി വരണ്ടു കിടക്കുമ്പോൾ
കൊല്ലും കൊലയും ചതിയും കാട്ടും
മർത്യാ നന്നായിടു വേഗം
എല്ലാമറിയും നാഥൻ മുമ്പിൽ
തെറ്റുകളേറ്റു പറഞ്ഞിടുവിൻ
ആകാശത്തിൽ നിന്നും വെള്ളം
വർഷിക്കുന്നോനവനല്ലോ
ആശിച്ചേറെ ഭയന്നും നമ്മുടെ
തേട്ടം അവനോടാകേണം.




WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
06 APRIL 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

جامعة الهند الإسلامية

School Of Qura'n

# അഡ്മിഷൻ ആരംഭിച്ചു

**"നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"**

# സ്കൂൾ ഓഫ് ഖുർആൻ

ക്ലാസുകൾ,
ഞായറാഴ്ചകളിലും
പൊതു അവധി ദിവസങ്ങളിലും
മാത്രം!

ജൂൺ ഒന്നിന് ആറര വയസ്
കവിയാത്ത, സ്കൂളിൽ ചേർന്ന
ഒന്നാം ക്ലാസിൽ
വിദ്യാർഥികൾക്ക്
പ്രവേശം

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ-വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര-കേന്ദ്രീകൃത മൂല്യനിർണയം

Kanhangad: 9544874747, 9847507310 | Kasaragode: 9447407178, 9447010235 | Thaliparamb: 8606776770
Vadakra: 9961037934, 9995494598 | Kinavakkal: 9400083931, 9895794498 | Kappad: 9846808230, 9037536150
Parappanagadi: 9947299449 | Thottasheriyara: 8606600555 | Manjeri: 9544924596, 9947299499
Kottakkal: 9447624148, 9747621124 | Tirur: 9633099992, 9037155151 | Maranjery: 7559955255
Vengidangu: 9048869220 | Attingal: 9497714521, 7902513053 | Kollam: 8089546729
Alappuzha: 9895629378 | Mukkam: 8606788882 | Coimbatore: 9080475224

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.schoolofquran.in | info@schoolofquran.in